# ക്രൈസ്തവ വനിത

(ഒരു ഗുഡ്ന്യൂസ് എജ്യൂക്കേഷണൽ സൊസൈറ്റി പ്രസിദ്ധീകരണം)

SEPTEMBER - OCTOBER 2024 No. 5 | 24



For Private Circulation Only

For Private Circulation Only

# CHRAISTHAVA VANITHA

Founder Editor

**Annamma Charles John**

(A Good News Educational Society Publication)

**This is a publication solely for the propagation of the Word of God and thus for the encouragement and edification of the people of God**

**Editorial Committee**

**Mrs.Mary Anchan, Mrs. Sherine Kingston, Mrs. Sobha Selin, Mr. George John**

**Articles for publication should be sent to: Mrs. Sherine Kingston, P.O. Box 2501, MCPO Trivandrum 695011 or by email to sherinekingston@gmail.com. Mob : +919087144349**

## ഉള്ളടക്കം


- കുട്ടികൾ നശിച്ചുപോകുന്നതിന്റെ കാരണക്കാർ ആരാണ്? 1
- അന്ത്യത്തോളം വിശ്വസ്തരായിരിക്ക 2
- നിയമപ്രകാരമുള്ള ജീവിതം 5
- ദുഷ്ടത പ്രവർത്തിപ്പാൻ തന്റെ മകന്.... 7
- ദൈവം ഇല്ലാത്ത വീടുപണി 11
- അവൻ കോപിച്ചിട്ടു നിങ്ങൾ വഴിയിൽവെച്ചു.... 15
- വിശ്വാസത്തിൽ അധിഷ്ഠിത 19
- ഡാഡിയെ വേണം 22
- വിവാഹം ആലോചിക്കുമ്പോൾ 27
- യേശു ചോദിച്ച മറ്റ് ചോദ്യങ്ങൾ 31
- ക്രിസ്തുവിശ്വാസിയുടെ തിരഞ്ഞെടുപ്പിന്റെ.... 33
- Quest -97 36

*ആമുഖം*

# കുട്ടികൾ നശിച്ചുപോകുന്നതിന്റെ കാരണക്കാർ ആരാണ്?

പതിവുപോലെ ആ ദിവസവും അയാൾ വളരെ താമസിച്ചാണ് വീട്ടിലെത്തിയത്. 5 വയസ്സുള്ള മകൻ തനിക്കായി കാത്തിരിക്കുകയായിരുന്നു. പെട്ടെന്ന് മകൻ "അപ്പാ, അപ്പൻ ഒരു മണിക്കൂർ എത്ര പണമാണുണ്ടാക്കുന്നതു" എന്നു ചോദിച്ചപ്പോൾ അപ്പന് വളരെ അരിശം തോന്നി."നിനക്കു അതറിഞ്ഞിട്ടു എന്തുവേണം?" എന്നു ചോദിച്ചു. എന്നാൽ കുട്ടി വീണ്ടും നിർബ്ബന്ധിച്ചപ്പോൾ പിതാവ് ഇപ്രകാരം പറഞ്ഞു, നിനക്കു അറിഞ്ഞേ പറ്റൂ എങ്കിൽ ഞാൻ പറയാം. "അമ്പതു ഡോളർ. അപ്പോൾ മകൻ അപ്പനോടു 25 ഡോളർ ആവശ്യപ്പെട്ടു. കോപാക്രാന്തനായ പിതാവ് "ഓഹോ - ഇതിനാണോ ശമ്പളം എത്രയാണെന്നു അറിയേണ്ടത്? ഞാൻ രാപ്പകൽ അദ്ധ്വാനിച്ചു പണമുണ്ടാക്കുന്നതു നിനക്കു ധൂർത്തടിക്കുവാനല്ല, വേഗം പോയി ഉറങ്ങൂ" എന്നു പറഞ്ഞു. കുട്ടി നിശബ്ദനായി തന്റെ മുറിയിലേക്കു പോയി.

അല്പസമയത്തിനുശേഷം പിതാവിന് മകനോട് കനിവു തോന്നി. ഒരു പക്ഷെ എന്തെങ്കിലും ആവശ്യത്തിനായിരിക്കാം പണം ചോദിച്ചതെന്ന് ചിന്തിച്ച്, മകന്റ മുറിയിലേക്കു പോയി. "ഇതാ നീ ചോദിച്ച പണം" എന്നു പറഞ്ഞ് മകന്റെ കൈയിൽ 25 ഡോളർ വച്ചു കൊടുത്തു. അപ്പോൾ അവൻ തലയിണയുടെ അടിയിൽ നിന്നു ചുരുണ്ടുകൂടിയ 25 ഡോളറിന്റെ ഒരു നോട്ടു എടുക്കുന്നതു കണ്ട പിതാവിന്റെ കോപം ശതഗുണീഭവിച്ചു. "നിന്റെ കൈയിൽ 25 ഡോളർ വച്ചുകൊണ്ടാണോ എന്നോടു വീണ്ടും പണം ചോദിച്ചത്? ഞാൻ കഷ്ടപ്പെട്ടു ജോലി ചെയ്യുന്നതു നിനക്ക് കണ്ടമാനം ചെലവഴിക്കാനല്ല". മകനാകട്ടെ 50 ഡോളർ മുഴുവനും അപ്പന്റെ നേരെ വച്ചുനീട്ടി. "അപ്പാ ഈ 50 ഡോളറിന് അപ്പന്റെ ഒരു മണിക്കൂർ എനിക്കു നല്കണം. നാളെ അപ്പന്റെ കൂടെ അത്താഴം കഴിക്കാനാണ് ഞാൻ ഈ പണം ആവശ്യപ്പെട്ടത്".

അപ്പന്റെ ഹൃദയം തകർന്നു. തന്റെ ഓമന മകനോടൊന്നിച്ച് സമയം കഴിക്കാതെ, രാപ്പകൽ പണം സമ്പാദിച്ച താൻ എത്ര നിഷ്ഠുരനാണ് എന്ന് ബോധ്യപ്പെട്ടു. ഈ സംഭവകഥ അനേക മാതാപിതാക്കളോടുള്ള ഒരു വെല്ലുവിളിയാണ്. പണമല്ല കുഞ്ഞുങ്ങൾക്ക് ആവശ്യം. മാതാപിതാക്കളുടെ സ്നേഹം! രാപ്പകൽ അദ്ധ്വാനിച്ച് മനോഹര സൗധങ്ങൾ പണിയുന്ന മാതാപിതാക്കൾ, ദൈവം തങ്ങളെ ഏല്പിച്ചിരിക്കുന്ന മക്കൾ എന്ന നിക്ഷേപം തിരസ്ക്കരിച്ചാൽ എത്ര ശോചനീയമാണ്!

ഭവനത്തിൽ സ്നേഹം ലഭിക്കാത്ത കുട്ടികൾ തെരുവിലേക്ക് ഇറങ്ങുന്നു. തങ്ങളെപ്പോലെ തിരസ്ക്കരിക്കപ്പെട്ട കുഞ്ഞുങ്ങളുമൊത്ത് ലക്ഷ്യമില്ലാത്ത സ്നേഹത്തിലേക്കു വഴുതിപ്പോകുന്നു. കുഞ്ഞുങ്ങൾ നശിച്ചുപോകുന്നതിന്റെ കാരണക്കാർ ആരാണ്???

**മേരി അഞ്ചൻ, തുംകൂർ**

# അന്ത്യത്തോളം വിശ്വസ്തരായിരിക്ക

ആരെങ്കിലും മരിച്ചാൽ അവരുടെ ശവസംസ്കാരസമയത്ത് ആവർത്തിച്ചാവർത്തിച്ചു പറയുന്ന വാക്കാണ് ഈ ആൾ തന്റെ ഓട്ടം തികെച്ചു, നല്ല പോർ പൊരുതി, വിശ്വാസം കാത്തു (2 തിമൊ. 4:7) എന്നത്. വിശുദ്ധ പൗലൊസ് അപ്പൊസ്തലൻ തന്റെ ജീവിതാന്ത്യത്തിൽ തന്റെ ജീവിതത്തെ വിലയിരുത്തിക്കൊണ്ടു പറഞ്ഞ വാക്കുകളാണിത്. തന്റെ ജീവിതത്തോടുള്ള ബന്ധത്തിൽ തനിക്കു ധൈര്യമായി പറയാവുന്ന ജീവിതാനുഭവങ്ങളുടെ ആകെത്തുകയായിരുന്നു അത്. ഒരു യഹൂദാ റബ്ബിയായി യഹൂദാപ്രമാണിയായി ജീവിക്കേണ്ട ശൗൽ എന്ന ബെന്യാമിൻ ഗോത്രക്കാരൻ ക്രിസ്ത്യാനികളെ പീഡിപ്പിച്ച് ഉപദ്രവിച്ചു കൊന്നുകളഞ്ഞ ഒരു വീരശൂരപരാക്രമിയായിരുന്നു. എന്നാൽ യേശുക്രിസ്തുവിന്റെ നേരിട്ടുള്ള ദർശനം ലഭിച്ചതിന്റെ ഫലമായി അദ്ദേഹം മാനസാന്തരപ്പെടുകയും ക്രിസ്തുവിന്റെ കല്പനയനുസരിച്ച് ഒരു വിശ്വസ്ത ക്രിസ്തുശിഷ്യനായി ലോകത്തെ തന്റെ സുവിശേഷീകരണങ്ങൾകൊണ്ടും, തിരുവചനപഠിപ്പിക്കലുകൾകൊണ്ടും മറ്റും രാപകലില്ലാതെ ഓടിനടന്നതിന്റെ ഫലമായി യഹൂദന്മാരാൽ ധാരാളം പീഡനങ്ങൾ അനുഭവിക്കേണ്ടി വന്നു. യഹൂദന്മാർ അദ്ദേഹത്തെ കൊല്ലുവാൻ തക്കംനോക്കി കണ്ടമാനം ഉപദ്രവിച്ചു പീഡിപ്പിച്ചകഥകൾ തിരുവചനത്തിലുണ്ട്. താൻ അനുഭവിച്ച കഷ്ടങ്ങളുടെ ഒരു വിവരണം രേഖപ്പെടുത്തിയിരിക്കുന്നത് ഞാൻ ഏറ്റവും അധികം അദ്ധ്വാനിച്ചു അധികം പ്രാവശ്യം തടവിലായി, അനവധി അടികൊണ്ടു പലപ്പോഴും പ്രാണഭയത്തിലായി യഹൂദന്മാരാൽ ഞാൻ ഒന്നുകുറയെ നാല്പത് അടി അഞ്ചുവട്ടം കൊണ്ടു. മൂന്നുവട്ടം കോലിനാൽ അടികൊണ്ടു. ഒരിക്കൽ കല്ലേറുകൊണ്ടു മൂന്നു വട്ടം കപ്പൽച്ചേതത്തിലകപ്പെട്ടു. ഒരു രാപ്പകൽ വെള്ളത്തിൽ കഴിച്ചു. ഞാൻ പലപ്പോഴും യാത്ര ചെയ്തു. നദികളിലെ ആപത്ത്, കള്ളന്മാരാലുള്ള ആപത്ത്. സ്വജനത്താലുള്ള ആപത്ത്, ജാതികളാലുള്ള ആപത്ത്, പട്ടണത്തിലെ ആപത്ത്, കടലിലെ ആപത്ത്, കാട്ടിലെ ആപത്ത്, കള്ളസഹോദരന്മാരാലുള്ള ആപത്ത്, അദ്ധ്വാനം, പ്രയാസം, പലവട്ടം ഉറക്കിളപ്പ്, പൈദാഹം, പലവട്ടം പട്ടിണി, ശീതം, നഗ്നത എന്നീ അസാധാരണ സംഗതികൾ അനുഭവിച്ച ഒരു ക്രിസ്തുഭക്തൻ. അതുകൂടാതെ തന്റെ ശരീരത്തിൽ അതിവേദനയുള്ള ഏതോ രോഗവും ഉണ്ടായിരുന്നു. അതൊന്നു മാറിക്കിട്ടാൻ പ്രാർത്ഥിച്ചപ്പോൾ ലഭിച്ച

മറുപടി "എന്റെ കൃപ നിനക്കു മതി: എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു" എന്നായിരുന്നു. അതിലും താൻ നിരാശനായില്ല. എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു. എന്റെ പ്രാണനെ ഞാൻ വിലയേറിയതായി എണ്ണുന്നില്ല. എന്റെ ഓട്ടവും, ദൈവകൃപയുടെ സുവിശേഷത്തിനു സാക്ഷ്യം പറയേണ്ടതിന്ന് കർത്താവായ യേശു തന്ന ശുശ്രൂഷയും തികെക്കേണം എന്നേ എനിക്കുള്ളൂ എന്നതായിരുന്നു അദ്ദേഹത്തിന്റെ ജീവിതലക്ഷ്യം. അതിന്നാധാരമായി അദ്ദേഹം പറഞ്ഞതു "എനിക്കു ശക്തി നല്കിയ ക്രിസ്തുയേശു എന്ന നമ്മുടെ കർത്താവ് എന്നെ വിശ്വസ്തൻ എന്നെണ്ണി ശുശ്രൂഷയ്ക്കാക്കിയതുകൊണ്ട് ഞാൻ അവനെ സ്തുതിക്കുന്നു". മുമ്പേ ഞാൻ ദൂഷകനും, ഉപദ്രവിയും, നിഷ്ഠുരനുമായിരുന്നു. എങ്കിലും, അവിശ്വാസത്തിൽ അറിയാതെ ചെയ്തതാകകൊണ്ട് എനിക്കു കരുണ ലഭിച്ചു. ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു എന്നുള്ളത് വിശ്വാസ്യവും എല്ലാവരും അംഗീകരിപ്പാൻ യോഗ്യവുമായ വചനം തന്നെ. ആ പാപികളിൽ ഞാൻ ഒന്നാമൻ. എനിക്കു കൃപ ലഭിച്ചു! എന്തൊരു അനുഭവസാക്ഷ്യം!

പ്രിയമുള്ളവരേ, സുവിശേഷത്തിനുവേണ്ടി റോമാഭരണാധികാരിയായ നീറോ ചക്രവർത്തിയുടെ മൂർച്ചയേറിയ വാളിനു തന്റെ കഴുത്തു വച്ചു കൊടുത്തപ്പോഴും പതറാതെ, ധൈര്യത്തോടെ ക്രിസ്തു എന്റെ രക്ഷിതാവ്! ഞാൻ ആരെ വിശ്വസിച്ചിരിക്കുന്നു എന്നറിയുന്നു. അവൻ എന്റെ ഉപനിധി ആ ദിവസംവരെ സൂക്ഷിപ്പാൻ ശക്തൻ എന്നേറ്റു പറഞ്ഞുകൊണ്ട് രക്തസാക്ഷി മരണം ആസ്വദിച്ച ഒരു ക്രിസ്തുഭക്തന്റെ അന്ത്യവാക്കുകളാണ്. "ഞാൻ നല്ല പോർ പൊരുതി, ഓട്ടം തികെച്ചു വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു. അതു നീതിയുള്ള ന്യായാധിപതിയായ കർത്താവ് ആ ദിവസത്തിൽ എനിക്കു തരും" എന്നത്. ഇന്ന് അങ്ങനെ പറയുവാൻ ധൈര്യമുള്ള എത്ര ക്രിസ്തു വിശ്വാസികൾ കാണും? ഇതെഴുതുമ്പോൾ എന്റെ ഓർമ്മയിലേക്കു വന്ന സംഭവകഥ ഇപ്രകാരം. 1992–ൽ നടന്ന ഒളിമ്പിക് മത്സരത്തിൽ ബ്രിട്ടനിലെ പ്രശസ്ത ഓട്ടക്കാരനായ ഡെറിക് റേമണ്ട് (Derek Ramond) തന്റെ 400 മീറ്റർ ഓട്ടത്തിൽ Quarter final- ൽ ഒന്നാം സ്ഥാനം നേടി. പക്ഷെ final race-ൽ ഏകദേശം 250 മീറ്റർ മാത്രം ഓടിതീർക്കാനുള്ളപ്പോൾ തന്റെ കാൽ വഴുതി അതിവേദനയോടെ നിലംപതിച്ചു. തന്നെ കയറ്റികൊണ്ടുപോകാൻ stretcher മായി വന്നപ്പോൾ അദ്ദേഹം അതു തിരസ്കരിക്ക മാത്രമല്ല, ഉളുക്കിയ കാലുകളുമായി ഓട്ടം തികെക്കുവാൻ തീരുമാനിച്ചു. ആൾക്കൂട്ടങ്ങൾ

ക്കിടയിലൂടെ അദ്ദേഹത്തിന്റെ പിതാവ് ഓടി എത്തി. തന്റെ പിതാവിന്റെ സഹായത്താൽ ആ ധീരനായ ഓട്ടക്കാരൻ, നിരാശനായി അങ്ങേയറ്റം ദുഃഖിതനായി, തകർന്ന സ്വപ്നവുമായി തന്റെ ഓട്ടം തികെച്ചു.

പ്രിയമുള്ളവരേ, നമ്മുടെ വിശ്വാസയാത്രയിൽ ചില പാളിച്ചകളോ, വീഴ്ചകളോ പരാജയങ്ങളോ അഭിമുഖീകരിക്കേണ്ടി വന്നേക്കാം. പിശാചിന്റെ പരീക്ഷണത്തിൽ, അവന്റെ കെണിയിൽ വീണെന്നു വരാം. അവയിലൊന്നും നിരാശപ്പെട്ടു, നിരുത്സാഹപ്പെട്ട് നമ്മുടെ ഓട്ടം നിർത്തേണ്ടതില്ല. വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ നമ്മുടെ കർത്താവായ യേശുവിനെ നോക്കിക്കൊണ്ട് നമ്മുടെ ഓട്ടം സ്ഥിരതയോടെ ഓടുവാൻ നമ്മുടെ കർത്താവു നമ്മെ സഹായിക്കും. നാം വീണുപോയാലും നിലം പരിചാകാതെ, "ഭയപ്പെടേണ്ടാ ധൈര്യപ്പെടുവിൻ, ഞാൻ നിന്നെ പിടിച്ചിട്ടുണ്ട്" എന്നു പറഞ്ഞു നമ്മെ ധൈര്യപ്പെടുത്തി. ഡെറിക് റേമണ്ടിന്റെ പിതാവിനേപ്പോലെ നമ്മുടെ ഓട്ടം തികെച്ചു വിരുതുപ്രാപിക്കുവാൻ നമ്മെ സഹായിക്കും.

നമ്മുടെ ജീവിതം ഓട്ടക്കളത്തിൽ ഓടുന്ന ഓട്ടക്കാരനു തുല്യമാകുന്നു. ഒരു നിശ്ചയവുമില്ലാത്ത പ്രത്യാശയില്ലാത്ത ഓട്ടമല്ല നാം ഓടുന്നത്. നാം തനിച്ചുമല്ല ഓടുന്നത്. ഓട്ടം ഓടി വിജയിച്ച നമ്മുടെ കർത്താവ് നമ്മോടുകൂടെയുണ്ട്. അവൻ തന്റെ മുമ്പിൽ വച്ചിരിക്കുന്ന സന്തോഷം ഓർത്തു അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിക്കയും ദൈവസിംഹാസനത്തിന്റെ വലത്തുഭാഗത്തു ഇരിക്കുന്ന ജയാളിയാകുന്നു. നിങ്ങളുടെ ഉള്ളിൽ ക്ഷീണിച്ചു മടുക്കാതിരിപ്പാൻ പാപികളാൽ തനിക്കു നേരിട്ട ഇങ്ങനെയുള്ള വിരോധം സഹിച്ചവനെ ധ്യാനിച്ചുകൊൾവിൻ. നമ്മുടെ കർത്താവിനെ ധ്യാനിച്ചും, അവന്റെ വലങ്കയ്യിൽ പിടിച്ചും, വിശ്വാസത്തോടും വിശ്വസ്തതയോടുംകൂടെ നമ്മുടെ ഓട്ടം ഓടി വിരുതുപ്രാപിക്കുവാൻ വലിയവനായ ദൈവം നമ്മെ സഹായിക്കട്ടെ! അങ്ങനെ നമ്മുടെ ജീവിതാന്ത്യത്തിൽ പുറകോട്ടു നോക്കിക്കൊണ്ട്, വിശുദ്ധ പൗലൊസ് അപ്പൊസ്തലനെപ്പോലെ "ഞാൻ നല്ല പോർ പൊരുതി, ഓട്ടം തികെച്ചു, വിശ്വാസം കാത്തു എനിക്കായി വച്ചിട്ടുള്ള നീതിയുടെ കിരീടം പ്രാപിപ്പാൻ ഞാനിതാപോകുന്നു" എന്ന് ധൈര്യത്തോടെ പറഞ്ഞുംകൊണ്ട് മരണകവാടവും കടന്ന് നമ്മുടെ നിത്യഭവനത്തിലേക്കു പറന്നുപോകുവാൻ ഈ എളിയ ചിന്തകൾ സഹായമായിത്തീരട്ടെ.

**എൽസി ബേബി, ന്യൂ യോർക്ക്**

# നിയമപ്രകാരമുള്ള ജീവിതം

യഹോവയായ ദൈവം യിസ്രായേൽ മക്കളെ മിദ്യാന്യരുടെ കൈയിൽ നിന്നു രക്ഷിക്കേണ്ടതിനായി ഗിദെയോനെ വിളിച്ചു വേർതിരിച്ചപ്പോൾ അവനു നല്കിയ കല്പനകളിൽ ഒന്നായിരുന്നു നിയമപ്രകാരം ഒരു യാഗപീഠം പണിയുക എന്നത് അതിനു മുമ്പ് അവന്റെ അപ്പനുള്ള ബാലിൻ ബലിപീഠം ഇടിച്ച് അതിനരികെയുള്ള അശേരാപ്രതിഷ്ഠയെ വെട്ടിക്കളയണമെന്നും കല്പിച്ചിരുന്നു. "ഈ ദുർഗ്ഗത്തിന്റെ മുകളിൽ നിന്റെ ദൈവമായ യഹോവെക്കു നിയമപ്രകാരം ഒരു യാഗപീഠം പണിത് - നീ വെട്ടിക്കളയുന്ന അശേരാപ്രതിഷ്ഠയുടെ വിറകുകൊണ്ട് ഹോമയാഗം കഴിക്ക" (ന്യായ. 6:26) എന്നതായിരുന്നു അവനുള്ള കല്പന. ഗിദേയോൻ ചെന്ന് യഹോവ തന്നോട് കല്പിച്ചതുപോലെ തന്നെ ചെയ്തു.

ദൈവകല്പനയോടുള്ള അനുസരണത്തിൽ ഏറ്റവും ശ്രദ്ധിക്കേണ്ടത്, അത് നിയമപ്രകാരം തന്നെ ആയിരിക്കണമെന്നതാണ്. വചനപ്രകാരം, ചട്ടപ്രകാരം, നിയമപ്രകാരം എന്നിങ്ങനെയുള്ള പ്രയോഗങ്ങളിലെല്ലാം അനുസരണത്തിനുള്ള മാർഗ്ഗനിർദ്ദേശം കൃത്യമായി പാലിക്കണം എന്നത് വ്യക്തമാണ്. മോശെ പെട്ടകം നിർമ്മിച്ചതിനെക്കുറിച്ചും മോശെ സമാഗമനകൂടാരവും അതിന്റെ ഉപകരണങ്ങളുമൊക്കെ നിർമ്മിച്ചതിനെക്കുറിച്ചും "അങ്ങനെ തന്നെ അവർ ചെയ്തു" എന്നു രേഖപ്പെടുത്തിയിട്ടുണ്ട്. അവയുടെ അളവുകളും തൂക്കങ്ങളും ഉപയോഗിക്കുന്ന തടിയും, ലോഹങ്ങളുമൊക്കെ നല്കപ്പെട്ട മാർഗ്ഗനിർദ്ദേശത്തിനനുസരിച്ച് കൃത്യമായി തന്നെയാണ് അവർ ഉപയോഗിച്ചത്. തങ്ങളുടേതായ ആശയങ്ങളൊന്നും അവർ അതിനോട് കൂട്ടിച്ചേർത്തില്ല. നിയമപ്രകാരം അഥവാ ദൈവകല്പനപ്രകാരം തന്നെ അവർ അത് ചെയ്തു.

എന്നാൽ പെട്ടകത്തിന്മേൽ പിടിക്കുക നിമിത്തം ഉസ്സ മരണമടഞ്ഞതിനെക്കുറിച്ച് ദാവീദ് പറയുന്നത് "നാം അവനെ നിയമ പ്രകാരമല്ലല്ലോ അന്വേഷിച്ചത്" (1 ദിന. 15:13) എന്നായിരുന്നു. "യിസ്രായേലിന്റെ ദൈവമായ യഹോവയുടെ പെട്ടകം ഞാൻ അതിന് ഒരുക്കിയിരിക്കുന്ന സ്ഥലത്ത് കൊണ്ടു വരുവാൻ നിങ്ങളെത്തന്നെ ശുദ്ധീകരിച്ചുകൊൾവിൻ" എന്നു ലേവ്യർക്കു കല്പന കൊടുത്തപ്പോഴായിരുന്നു മുമ്പ് നിയമപ്രകാരമല്ലാതെ ചെയ്ത പ്രവൃത്തിയെയും അതു നിമിത്തമുണ്ടായ ദുരന്തത്തെയും ദാവീദ് അനുസ്മരിച്ചത്. ലേവ്യർ തന്നെ പെട്ടകം ചുമക്ക

ണമെന്നും അത് തോളിൽ ചുമക്കണമെന്നും വ്യക്തമായ കല്പന ഉണ്ടായിരിക്കെയാണ് അവർ നിയമപ്രകാരമല്ലാതെ പെട്ടകം കാളവണ്ടിയിൽ കയറ്റിയത്. നിയമപ്രകാരമല്ലാതെ ആ പ്രവൃത്തി ചെയ്തതിനാലാണ് ഉസ്സ മരണപ്പെട്ടതെന്ന് അനുസ്മരിച്ചുകൊണ്ടാണ് ദാവീദ് കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുവാൻ ലേവ്യരോട് ആവശ്യപ്പെട്ടത്.

"ബാലൻ തന്റെ നടപ്പിനെ നിർമ്മലമാക്കുന്നത് എങ്ങനെ? നിന്റെ വചനപ്രകാരം അതിനെ സൂക്ഷിക്കുന്നതിനാൽ തന്നെ" (സങ്കീ.119:9) എന്ന് രേഖപ്പെടുത്തിയിരിക്കുന്നതും നിയമപ്രകാരം അഥവാ വചനപ്രകാരം തന്റെ ജീവിതത്തെ സൂക്ഷിക്കേണ്ടതിനെക്കുറിച്ചാണ്. ജീവിതത്തിലെ ഏതൊരുപ്രവൃത്തിയും ചെയ്യേണ്ടത് എങ്ങനെയെന്നതിന് തിരുവചനം വളരെ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ തരുന്നുണ്ട്. ആത്മീയ വിഷയങ്ങളോടുള്ള ബന്ധത്തിൽ മാത്രമല്ല, ദൈനംദിന ഭൗതിക വിഷയങ്ങളോടുള്ള ബന്ധത്തിലും നടക്കേണ്ട വഴിയും പെരുമാറേണ്ട വിധവും സംസാരിക്കേണ്ട രീതിയും ലോകത്തോട് പാലിക്കേണ്ട അകലവും എന്നിങ്ങനെ സകല സാഹചര്യങ്ങളെയും നേരിടേണ്ട വിധം തിരുവചനം നമ്മെ ബുദ്ധിയുപദേശിക്കുന്നുണ്ട്. സദൃശവാക്യങ്ങളുടെ പുസ്തകം അത്തരം മാർഗ്ഗനിർദ്ദേശങ്ങളുടെ ഒരു സമാഹാരമാണ്.

എങ്ങനെയെങ്കിലുമൊക്കെ ജീവിക്കുവാൻ നമുക്കു അനുവാദമില്ല. കാരണം നാം ആരും താന്താങ്ങൾക്കുള്ളവരല്ല. ദൈവം നമ്മെ വിലയ്ക്കു വാങ്ങിയിരിക്കയും നാം അവനെ കർത്താവാക്കുകയും ചെയ്തിരിക്കെ അതിനു തക്കതായ വിധത്തിൽ വചനപ്രകാരം മാത്രമേ ജീവിക്കുവാൻ നമുക്കു അനുവാദമുള്ളൂ. എന്റെ ഇഷ്ടം, എന്റെ ആഗ്രഹം എന്റെ തീരുമാനം എന്നിങ്ങനെ എന്റേതായ യാതൊന്നിനും ഇനിമേൽ പ്രസക്തിയില്ല. ദൈവവചനത്തിനും ദൈവകല്പനയ്ക്കും വിധേയപ്പെടുകയല്ലാതെ മറ്റൊരു വഴിയില്ല. പിറുപിറുപ്പോടെയും അസംതൃപ്തിയോടെയുമല്ല നാം നമ്മെത്തന്നെ, ദൈവഹിതത്തിനു ഏല്പിച്ചുകൊടുക്കേണ്ടത് കർത്താവിനോടുള്ള സ്നേഹത്തിൽ നിന്നുമാണ്. വചനപ്രകാരമുള്ള അനുസരണം ഉളവാകുന്നത് അത് സന്തോഷത്തോടെയും സംതൃപ്തിയോടെയുമുള്ള വിധേയത്വവും കൃത്യമായ അനുസരണവുമാണ്. ആകയാൽ വചനപ്രകാരം ഓരോ ചുവടും മുന്നേറുവാൻ നമുക്കു ഉത്സാഹിക്കാം.

**ജെസ്സി ബെൻസെൻ, കൊച്ചി**

# ദുഷ്ടത പ്രവർത്തിപ്പാൻ തന്റെ മകന് ആലോചനക്കാരിയായിരുന്ന സ്വന്തം മാതാവ്

(അഥല്യാ) 2 ദിന. 22:2,3

**അഥല്യാ** – യഹൂദയിൽ സ്വയമായി രാജഭരണം ഏറ്റെടുത്ത്, 6 വർഷം ദുർഭരണം നടത്തിയ ദുഷ്ടസ്ത്രീ. യിസ്രായേലിനെയും യഹൂദയെയും വേറെ വനിതകൾ ഭരിച്ചിരുന്നില്ല. അഥല്യാ ആഹാബിന്റെയും ഈസേബെലിന്റെയും മകളും ഒമ്രിയുടെ കൊച്ചുമകളും ആയിരുന്നു. ദുഷ്ടയും നീചയുമായിരുന്നു മാതാവായ ഈസേബെൽ. യഹോവയ്ക്കു പ്രസാദമുള്ളതു ചെയ്ത യെഹോശാഫാത്തിന്റെ മകനായ യെഹോരാമായിരുന്നു അഥല്യായുടെ ഭർത്താവ്. യെഹോരാം ദാവീദിന്റെയോ യെഹോശാഫാത്തിന്റെയോ വഴിയിൽ നടക്കാതെ യഹോവയ്ക്കു അനിഷ്ടമായുള്ളത് ചെയ്തു. യിസ്രായേൽ രാജാക്കന്മാരുടെ വഴിയിൽ നടന്നു. സ്വസഹോദരന്മാരെയെല്ലാം കൊന്നുകളഞ്ഞു. അതിനു അവനെ പ്രേരിപ്പിച്ചതു ഭാര്യ അഥല്യാ ആയിരുന്നു 2 ദിന. 21:4,5,6. 'എന്നാൽ യഹോവ ദാവീദിനോടു ചെയ്തിരുന്ന നിയമം നിമിത്തവും അവനും അവന്റെ പുത്രന്മാർക്കും ഒരു ദീപം എല്ലായ്പ്പോഴും കൊടുക്കുമെന്ന് വാഗ്ദാനം ചെയ്തിരിക്ക നിമിത്തവും ദാവീദു ഗൃഹത്തെ നശിപ്പിപ്പാൻ അവനു (യഹോവയ്ക്കു) മനസ്സില്ലായിരുന്നു 2 ദിന. 21:7. അക്കാര്യം എത്ര അതിശയകരമായി ദൈവം പ്രാവർത്തികമാക്കിയെന്നു നമുക്ക് പിന്നീടു ചിന്തിക്കാം. രാജത്വം പ്രബലപ്പെട്ടപ്പോൾ യഹോരാം സ്വന്ത സഹോദരന്മാരെയെല്ലാം കൊന്നുകളഞ്ഞു. ഏലിയാവു പ്രവാചകൻ മുഖാന്തരം അവനു അരുളപ്പാടുണ്ടായത്, 'യഹോവ നിന്റെ ജനത്തെയും നിന്റെ മക്കളെയും നിന്റെ ഭാര്യമാരെയും നിന്റെ സകല വസ്തുവകകളെയും മഹാബാധകൊണ്ടു ബാധിക്കും. നിനക്കോ ദീനത്താൽ നിന്റെ കുടൽ കാലക്രമേണ പുറത്തു ചാടുംവരെ കുടലിൽ വ്യാധിപിടിച്ചു കഠിന ദീനമുണ്ടാകും' 2 ദിന. 21:14, 15. അങ്ങനെ അവൻ മരിച്ചു 2 ദിന. 21 :19.

യെഹോരാമിന്റെ ഇളയമകൻ അഹസ്യാവു അവനു പകരം രാജാവായി. 42 വയസ്സ്. 1 സംവത്സരം യഹൂദയെ ഭരിച്ചു 2 ദിന. 22:1,2. അവനും ആഹാബ് ഗൃഹത്തിന്റെ വഴികളിൽ നടന്നു യഹോവയ്ക്കു അനിഷ്ടമായതു പ്രവർത്തിച്ചു. ദുഷ്ടത പ്രവർത്തിപ്പാൻ അവന്റെ അമ്മ അഥല്യാ അവനു ആലോചനക്കാരി ആയിരുന്നു. 2 ദിന. 22:3,4. ഇതാണ് നാം ഇന്നു ചിന്തിക്കുന്ന വിഷയം.

ഈ അഹസ്യാവിന്റെ നാശത്തിനും മരണത്തിനു തന്നെയും കാര

ണക്കാരി സ്വന്തം മാതാവു തന്നെ. എത്ര ദുഃഖകരം!! ഒടുവിൽ ആഹാബിന്റെ ഗൃഹം ഒന്നാകെ, യഹോവാ അരുളിച്ചെയ്തിരുന്നതുപോലെ തന്നെ യേഹൂവിന്റെ കൈയ്യാൽ നിർമ്മൂലമാക്കപ്പെട്ടു. ആഹാബു ഗൃഹത്തോടുള്ള ദൈവത്തിന്റെ ന്യായവിധി. 2 ദിന. 22:8,9 ഇതു നമുക്കും മുന്നറിയിപ്പായിരിക്കട്ടെ. യേഹു അഹസ്യാവെയും കൊന്നു. വാ:9

അഥല്യായുടെ അമ്മയായ ഈസേബെൽ മഹാദുഷ്ടയും നീചയും വിഗ്രഹാരാധിയും ആയിരുന്നു. ഏലിയാവിനെപ്പോലും കൊല്ലുമെന്ന് ഭീഷണി മുഴക്കി. തന്റെ വക്രബുദ്ധിയാൽ നാബോത്ത് എന്ന യിസ്രായേല്യനെ കൊന്ന് പിതാക്കന്മാരുടെ അവകാശമായ അവന്റെ മുന്തിരിത്തോട്ടത്തെ കൈവശമാക്കി. ഭർത്താവായ ആഹാബിനെ സന്തോഷിപ്പിക്കുവാൻ കുതന്ത്രങ്ങൾ മെനഞ്ഞും നാബോത്തിന്റെ രക്തം ദൈവത്തോടു നീതിക്കായി നിലവിളിച്ചപ്പോൾ ദൈവം ഏലിയാവിനെ വിട്ടു ആഹാബിനോടു പറയിപ്പിച്ചത്, ഞാൻ നിന്റെ മേൽ അനർത്ഥം വരുത്തും, നിന്നെ അശേഷം നിർമ്മൂലമാക്കി, ....പുരുഷപ്രജയെ ഒക്കെയും ഞാൻ നിഗ്രഹിച്ചുകളയും. 'ഈസേബെലിനെ നായ്ക്കൾ യിസ്രായേലിന്റെ മതിലരികെ വച്ചു തിന്നുകളയും എന്നും അരുളിച്ചെയ്തു. 1 രാജാ. അദ്ധ്യായം 21. യഹോവാ കല്പിച്ച പ്രകാരം തന്നെ ആഹാബ് ഗൃഹത്തിന്റെ ന്യായവിധി നടന്നു.

ഇങ്ങനെ ദുഷ്ടയും നീചയും പരസംഗം, കൊല ഇവ ചെയ്യുന്നവളുമായ അമ്മയുടെ മകളാണല്ലോ നമ്മുടെ കഥാപാത്രം അഥല്യാ അവൾ അതിലും നികൃഷ്ടയായതിൽ അതിശയിക്കേണ്ടതില്ല. തന്റെ മകൻ അഹസ്യാവു മരിച്ചുവെന്നു കണ്ടപ്പോൾ ദുഷ്ടയായ അഥല്യാ എഴുന്നേറ്റു രാജസന്തതിയെ ഒക്കെയും നശിപ്പിച്ചു. എന്നാൽ രാജകുമാരിയായ യെഹോശബെത്ത് രാജകുമാരന്മാരുടെ ഇടയിൽ നിന്നും അഹസ്യാവിന്റെ മകനായ യോവാശിനെ മോഷ്ടിച്ചെടുത്തു അവനെയും അവന്റെ ധാത്രിയേയും ഒരു ശയനഗൃഹത്തിലാക്കി. ഇങ്ങനെ യെഹോരാം രാജാവിന്റെ മകളും യെഹോയാദാ പുരോഹിതന്റെ ഭാര്യയുമായ യെഹോശബത്ത് - അവൾ അഹസ്യാവിന്റെ സഹോദരിയല്ലോ അഥല്യാ പൈതലിനെ കൊല്ലാതവണ്ണം അവനെ ഒളിപ്പിച്ചു 2 ദിന. 22:9-11

2 രാജാ. 11:1-3 : ദുഷ്ടത പ്രവർത്തിപ്പാനും കൊലപാതകങ്ങൾ നടത്തുവാനും അതു സ്വന്ത കുടുംബത്തിൽ തന്നെ - ഭർത്താവിനും മകനും ആലോചനക്കാരിയായിരുന്ന ദുഷ്ട സ്ത്രീ - ഭാര്യ, മാതാവ്, പ്രിയപ്പെട്ട സഹോദരന്മാരേ, ഇതു നമ്മെ ഭയപ്പെടുത്തുന്നില്ലേ? താൻ തന്നെ ഒരു നീചകൊലപാതകി, യഹൂദാരാജവംശത്തിലെ രാജകുമാരന്മാരെ കൊന്നു

മുടിച്ചു ഭരണം ഏറ്റെടുത്തു. 6 വർഷത്തെ ദുർഭരണം. ജനം എങ്ങനെ സഹിച്ചു? ഭയാനകം!! ദുഃഖകരം. ഒരമ്മയും ഭാര്യയും ഇങ്ങനെ ആകാതിരിക്കട്ടെ. പ്രിയ അമ്മമാരേ, ഭാര്യമാരേ, സഹോദരിമാരേ ഇതു നമ്മെ ചിന്തിപ്പിക്കട്ടെ. ഇങ്ങനെയുള്ള ദുഷ്ടഹൃദയം നമ്മിലാർക്കും ഉണ്ടാകാതിരിക്കട്ടെ. ദൈവം വാഗ്ദത്തം ചെയ്തിരുന്നതുപോലെ ദാവീദിന്റെ സന്തതിയിൽ ഒരു ദീപം ശേഷിപ്പിച്ചു. ദൈവം ആർക്കും കടക്കാരനല്ലല്ലോ. എന്നെ മാനിക്കുന്നവരെ ഞാൻ മാനിക്കും. എന്നെ നിന്ദിക്കുന്നവർ നിന്ദിതരാകും" കർത്താവ് തന്റെ വാഗ്ദത്തങ്ങൾ നിറവേറ്റുവാൻ ചിലരെ തിരഞ്ഞെടുക്കും. ഇവിടെ യെഹോശെബത്ത്, യഹോയാദാ പുരോഹിതൻ ഇവരെ ഉപയോഗിക്കുകയാണ്. ഹാ! ദൈവത്തിന്റെ വിചാരങ്ങൾ എത്ര ശ്രേഷ്ഠം!! നമ്മുടെ മക്കളെ നമ്മാലാവോളം തിരുവചന പ്രകാരം യഹോവയുടെ വഴികൾ വിട്ട് ഇടത്തോട്ടോ വലത്തോട്ടോ മാറാതെ നേരെയുള്ള പാതകളിൽ നടക്കേണ്ടതിനു നമുക്ക് ആലോചനക്കാരാകാം. അതിനു നിരന്തരമായ പ്രാർത്ഥനയും യാചനയുമാണ് ആവശ്യം. മാതാക്കളായ നമുക്ക് ഉറച്ച തീരുമാനമെടുക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

യോവാശ് രാജകുമാരൻ സകല അഭ്യാസവും ലഭിച്ച് അവിടെ വളർന്നുവരുന്ന കാര്യമേ അറിയാതെ അഥല്യാ തന്റെ ഇഷ്ടംപോലെ ധാർഷ്ട്യ പ്രകാരം ദുർഭരണം നടത്തുകയാണ്. ആരും വിലക്കുവാനില്ലല്ലോ. 7-ാം സംവത്സരത്തിൽ യെഹോയാദാപുരോഹിതൻ ധൈര്യപ്പെട്ട് ശതാധിപന്മാരോടു സഖ്യത ചെയ്തു. സകല ലേവ്യരെയും പിതൃഭവനത്തലവന്മാരെയും കൂട്ടിവരുത്തി, സർവ്വസഭയും ദൈവാലയത്തിൽ വച്ചു യോശിയാവിനോടു ഉടമ്പടി ചെയ്തു. 'ദാവീദിന്റെ പുത്രന്മാരെക്കുറിച്ച് യഹോവ അരുളിച്ചെയ്തതുപോലെ രാജപുത്രൻ തന്നേ രാജാവാകണം 2 ദിന. 23:1-3. എല്ലാക്കാര്യങ്ങളും എങ്ങനെയായിരിക്കണമെന്നും യെഹോയാദാ പുരോഹിതൻ തന്നെ സർവ്വ സഭയ്ക്കും വിശേഷാൽ ലേവ്യർക്കും നിർദ്ദേശം കൊടുക്കുന്നു. ലേവ്യർ തവണ മാറി കാവൽ നില്ക്കേണ്ട വിധങ്ങൾ, ജനമെല്ലാം ജാഗ്രതയോടെ പ്രാകാരത്തിൽ കാണണമെന്നും പുരോഹിതന്മാരും ലേവ്യരുമല്ലാതെ ആരും ദൈവാലയത്തിൽ പ്രവേശിക്കരുതെന്നും, ജനമെല്ലാം യഹോവയുടെ പ്രമാണം സൂക്ഷിക്കണമെന്നും 23:4-6 ഉള്ള കർശന നിർദ്ദേശങ്ങൾ കൊടുക്കുന്നു. എല്ലാവരും ആയുധം ധരിക്കണം. മറ്റാരെങ്കിലും ദൈവാലയത്തിൽ കടന്നാൽ മരണശിക്ഷ അനുഭവിക്കണമെന്നും എല്ലാം ശക്തമായി പറഞ്ഞുകൊടുത്തു. രാജാവ് അകത്തുവരുമ്പോഴും പുറത്തുപോകുമ്പോഴും നിങ്ങൾ അവനോടുകൂടെ ഉണ്ടായിരിക്കണം വാ.7

ലേവ്യരും എല്ലാ യഹൂദയും പുരോഹിതൻ കല്പിച്ചതുപോലെ തന്നെ ചെയ്തു വാ.8-10

അവർ രാജകുമാരനെ പുറത്തുകൊണ്ടുവന്നു കിരീടം ധരിപ്പിച്ചു, സാക്ഷ്യപുസ്തകവും കൊടുത്തു അവനെ രാജവാക്കി. യെഹോയാദായും പുത്രന്മാരും അവനെ അഭിഷേകം കഴിച്ചു. 'രാജാവേ ജയ, ജയ' എന്നു ആർത്തുവിളിച്ചു. 23:11. ആർപ്പിന്റെ ഘോഷം അഥല്യാ കേട്ടു. യഹോവ യുടെ ആലയത്തിൽ വന്നു. പ്രവേശനത്തിങ്കൽ രാജാവ് തന്റെ തൂണിന്റെ അരികിൽ നില്ക്കുന്നതു കണ്ടപ്പോൾ അഥല്യാ വസ്ത്രം കീറി 'ദ്രോഹം, ദ്രോഹം' (Treason, Treason) വാ.12,13. യെഹോയാദാ പടനായകന്മാ രായ ശതാധിപന്മാരെ പുറത്തുവരുത്തി, 'അവളെ പുറത്തു കൊണ്ടു പോകുവിൻ; ആരെങ്കിലും അവളെ അനുഗമിച്ചാൽ അവൻ വാളാൽ മരി ക്കണം' എന്നു കല്പിച്ചു. അവളെ യഹോവയുടെ ആലയത്തിൽ വച്ചു കൊല്ലരുത് എന്ന കല്പന ഉണ്ടായിരുന്നതിനാൽ കുതിരവാതിലിന്റെ പ്രവേശനത്തിൽ വച്ചു കൊന്നുകളഞ്ഞു. വാ.14,15. "ദൈവത്തെ മറക്കു ന്നവരേ ഇതു ഓർത്തുകൊൾവിൻ; അല്ലെങ്കിൽ ഞാൻ നിങ്ങളെ കീറി ക്കളയും. വിടുവിപ്പാൻ ആരും ഉണ്ടാകയുമില്ല" സങ്കീ. 50:22. എന്റെ വാക്കല്ല, ദൈവവചനമാണ്. നാം ഭയപ്പെട്ടു വിറയ്ക്കുന്നില്ലേ? ദൈവക ല്പന ലംഘിച്ച് ദൈവകല്പന മറന്നു സ്വന്തഇഷ്ടത്തിനു ജീവിപ്പാൻ നമുക്ക് എങ്ങനെ കഴിയും? ദൈവസന്നിധിയിൽ ഭയഭക്തിയോടും വിറ യലോടും മഹാഭയങ്കരനുമായ ദൈവം ദഹിപ്പിക്കുന്ന അഗ്നിയും നമ്മെ വായിൽ നിന്നും ഉമിണ്ണുകളയുന്നവനുമെന്ന് ഓർക്കാം. നാം ഒന്നുമല്ല എന്ന് മനസ്സിലാക്കാം. ഭയഭക്തിയോടും വിറയലോടും ആയിരിക്കാം.

ദൈവം ദാവീദു ഗൃഹത്തോടു ചെയ്ത വാഗ്ദത്തം നിറവേറ്റു ന്നത് എത്ര അത്ഭുതകരമായിട്ടാണ്!! 'ദൈവം തന്നെ സ്നേഹിക്കുന്ന വർക്ക് ഒരുക്കീട്ടുള്ളത് കണ്ണുകണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല, ഒരു മനുഷ്യ ന്റെയും ഹൃദയത്തിൽ തോന്നീട്ടുമില്ല. 1 കൊരി. 2:9. ഈ മഹാദൈവ ത്തെ, എന്റെ പ്രിയ സഹോദരിമാരേ, നമുക്ക് അനുസരിക്കാം. നമ്മെ സമ്പൂർണ്ണമായി താഴ്ത്തി ഏല്പിക്കാം. ഭയഭക്തി നിറഞ്ഞവരായി അവന്റെ സന്നിധിയിൽ സമ്പൂർണ്ണമായി താഴ്ത്തി ജീവിക്കാം. മഹാനും ഭയങ്കരനുമായ ദൈവം, സർവ്വകൃപാലുവായ ദൈവം നമുക്ക് കൃപമേൽ കൃപ നല്കട്ടെ. അഥല്യായെപ്പോലെ ദുഷ്ടഹൃദയം നമ്മിലാർക്കും ഉണ്ടാ കാതിരിക്കട്ടെ. ദൈവനാമം മഹത്ത്വപ്പെടുമാറാകട്ടെ. ആമേൻ.

**തങ്കമ്മ സാം, തിരുവനന്തപുരം**

# ദൈവം ഇല്ലാത്ത വീടുപണി

യഹോവ വീടു പണിയാതിരുന്നാൽ, പണിയുന്നവർ വൃഥാ അദ്ധ്വാനിക്കുന്നു; യഹോവ പട്ടണം കാക്കാതിരുന്നാൽ കാവല്ക്കാരൻ വൃഥാ ജാഗരിക്കുന്നു (സങ്കീ. 127:1).

സർവ്വേശ്വരനായ കർത്താവു വീടു പണിയാതിരുന്നാൽ പണിയുന്നവർ വൃഥാ അദ്ധ്വാനിക്കുന്നു എന്നു സങ്കീർത്തനരചയിതാവായ ഭക്തകവി പറഞ്ഞിരിക്കുന്നു. ഇതിന്റെ അർത്ഥം വേണ്ടവിധം ഗ്രഹിക്കാതെയാണ് പലരും ഈ കവിവാക്യം ഉരുവിടുന്നത്. സിമന്റ്, കമ്പി, മണൽ, ഇരുമ്പ് ഇവ ഉപയോഗിച്ചുള്ള വീടുപണിയല്ല ഇവിടെ ഉദ്ദേശിച്ചിരിക്കുന്നത്. ജീവിതമാകുന്ന കൂടാരത്തിന്റെ അഥവാ വീടിന്റെ പണിയിൽ ഏർപ്പെട്ടിരിക്കുന്നവരാണല്ലോ നാം ഓരോരുത്തരും. നമ്മുടെ ജീവിതശില്പത്തിന്റെ പണിയിൽ ദൈവം നമ്മോടു ചേർന്നു പ്രവർത്തിക്കുന്നില്ലെങ്കിൽ നമ്മുടെ അദ്ധ്വാനം നിഷ്ഫലമത്രെ.

ക്രൈസ്തവ യുവതീയുവാക്കളുടെ വിവാഹവേളയിൽ സാധാരണ ഉച്ചരിക്കാറുള്ള സങ്കീർത്തന വാക്യങ്ങളിലൊന്നാണല്ലോ മേലുദ്ധരിച്ചത്. യഹോവ വീടുപണിയാതിരുന്നാൽ പണിയുന്നവർ വൃഥാ അദ്ധ്വാനിക്കുന്നു എന്ന യാഥാർത്ഥ്യം വിവാഹ വേദിയിലേക്കു പ്രവേശിക്കുന്നവരും പ്രവേശിക്കുവാൻ ഒരുങ്ങുന്നവരും ഓർത്തിരിക്കേണ്ടതാണ്. ദൈവത്തെ നീക്കിനിർത്തിക്കൊണ്ട് വീടു പണിയുന്നവരാണു നമ്മൾ പലരും. അതിനൊരുദാഹരണമാണ് നോഹയുടെ സന്താനപരമ്പര നിർമ്മിക്കുവാനൊരുങ്ങിയ ബാബേൽ ഗോപുരം. ദൈവത്തെ കൂടാതെ "വരുവിൻ നമുക്ക് അംബരചുംബിയായ ഒരു ഗോപുരം പണിയണം" എന്ന് അവർ പറഞ്ഞു. പക്ഷേ ദൈവം ഇറങ്ങി വന്ന് അവരുടെ ഭാഷ കലക്കിക്കളഞ്ഞു. ദൈവത്തെക്കൂടാതെ ആരംഭിക്കുന്ന ഏതുസംരംഭവും വ്യർത്ഥമായിത്തീരുമെന്ന് ഈ സംഭവം സാക്ഷ്യം വഹിക്കുന്നു.

പണവും മേധാശക്തിയും ഉന്നത സ്ഥാനമാനങ്ങളും ആകുന്ന കല്ലും, സിമന്റും മറ്റുമുണ്ടെങ്കിൽ ജീവിതശില്പം പടുത്തുയർത്താമെന്നു പലരും വ്യാമോഹിക്കുന്നു. എന്നാൽ ദൈവത്തെക്കൂടാതെ കോട്ട കെട്ടുന്നവരുടെ യത്നം വിഫലമായിത്തീരുമെന്നു ബോധ്യമാകുവാൻ അധികകാലം കാത്തിരിക്കേണ്ടി വരികയില്ല. അതുകൊണ്ട് ദൈവത്തെ നമ്മുടെ വീടുപണിയിൽ പങ്കാളിയാക്കുക. സർവ്വേശ്വരനായ കർത്താവിനെ മാത്രമേ വന്ദിക്കൂ എന്നു പ്രതിജ്ഞ ചെയ്ത യിസ്രായേൽജനം പലപ്പോഴും യഥാർത്ഥദൈവത്തിൽ നിന്നു മുഖം തിരിച്ച് അന്യ

ദൈവങ്ങളെ ആരാധിച്ച പല സന്ദർഭങ്ങളും ഉണ്ടായിട്ടുണ്ട്. യിസ്രായേലിന്റെ ചരിത്രത്തിൽ മാത്രമല്ല, നമ്മുടെ ഓരോരുത്തരുടേയും ജീവിതത്തിലും, അന്യദൈവങ്ങളെ ആരാധിച്ചിട്ടുള്ള സന്ദർങ്ങളുണ്ടായിട്ടില്ലേ? കർത്താവിനെക്കാൾ അധികമായി നാം എന്തിനെ സ്നേഹിച്ചാലും അത് നാം ആരാധിക്കുന്ന അന്യദൈവമാണ്. ദൈവം നമ്മുടെ ജീവിതത്തിൽ ഭരണകർത്താവായിത്തീരുക. അന്യദൈവങ്ങളെ ജീവിതത്തിൽ നിന്നും ഉപേക്ഷിക്കുക..

**ആത്മീയ അടിത്തറ കുടുംബമാണ്.**

കുടുംബമാണ് സമൂഹസ്ഥാപനങ്ങളിൽ ആദ്യത്തേത്. ദൈവതേജസ്സിലാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചത്. പ്രപഞ്ചത്തെ ദൈവത്തിന്റെ ഭവനമായും മനുഷ്യനെ ദൈവത്തിന്റെ മക്കളായും കാണുന്നു. പരസ്പരസ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും കരുതലിന്റെയും പങ്കിടലിന്റെയും പാഠങ്ങൾ വ്യക്തികൾ ഭവനത്തിൽനിന്ന് പഠിക്കുന്നതിന് അനുഗുണമായ ആത്മീയാന്തരീക്ഷം കുടുംബത്തിൽ സൃഷ്ടിക്കേണ്ടതാണ്. ഒരു ഭവനത്തിന്റെ അദ്ധ്യാത്മികതയാണ് ആ കുടുംബത്തിന്റെ ഭാവിയും ലക്ഷ്യവും നിർണ്ണയമായിരിക്കുന്നത്. എല്ലാ നന്മകളുടെയും ഉറവും ഉത്ഭവവും ദൈവമാണെന്നും വിശ്വസിക്കുന്നവർ ജീവിതത്തിലെ ഐശ്വര്യങ്ങൾക്കും സന്തോഷത്തിനും അടിസ്ഥാനം ദൈവമാണെന്നു വിശ്വസിക്കുന്നവർ ദാമ്പത്യം അനുഗ്രഹവും സന്തോഷവുമാകാൻ ദൈവത്തോടു യാചിച്ചു കൊണ്ടും പ്രാർത്ഥിച്ചുകൊണ്ടും വിവാഹത്തിലേക്കു പ്രവേശിക്കുന്നതിനും വിവാഹജീവിതം തുടരുന്നതിനും, വിവാഹജീവിതത്തിന്റെ എല്ലാ അനുഭവങ്ങളിലും സഹായിക്കുന്നതും ദൈവമാണെന്നു വിശ്വാസമുള്ളവർ ആരോഗ്യമുള്ള മനസ്സിനു ഉടമകളായിരിക്കും.

കുടുംബം ഒരുമിച്ചു ജീവിക്കുന്നു. ഒരുമിച്ചു പ്രാർത്ഥിക്കുന്നു. വിവാഹം എന്നാൽ വീടിനെ കുടുംബമാക്കാനുള്ള വെല്ലുവിളിയാണ്. ജീവിതപങ്കാളിയെ മരണം വരെ സ്നേഹിക്കണം. എല്ലാ മനുഷ്യരെയും സ്നേഹിപ്പാനാണ് ദൈവം കല്പിച്ചിരിക്കുന്നത്. ദൈവാനുഗ്രഹത്തിന്റെ തുല്ല്യപങ്കാളികളാണ് സ്ത്രീയും, പുരുഷനും. കൃപയുടെ കൂട്ടവകാശികൾ ആണ്. ദൈവസൃഷ്ടിയായ മനുഷ്യത്വത്തിന്റെ പൂർണ്ണതയാണ് വിവാഹത്തിലൂടെ ഒന്നായിത്തീരുന്ന പുരുഷനും സ്ത്രീയും. കുടുംബജീവിതത്തിൽ തലമുറ നിലനില്ക്കേണ്ടത് ആവശ്യമാണ്. സന്താനപുഷ്ടിയുള്ളവരായി ഭൂമിയിൽ നിറഞ്ഞുകവിഞ്ഞ് അതിനെ അടക്കി വാഴുവിൻ (ഉൽപ. 1:28) എന്നു മനുഷ്യനോട് ദൈവം പറഞ്ഞു. ദൈവം നല്കുന്ന ഏറ്റവും വലിയ ദാനമാണ് മക്കൾ. അവരെ കുടുംബത്തിനും സമൂഹത്തിനും കൊള്ളാവുന്നവരായി വളർത്തുക മാതാപിതാക്കളുടെ കടമയാണ്. കുടുംബജീവിതം എത്രയും നല്ലതെന്ന് ദൈവം കണ്ടു,

ഉൽപ. 1:31. സൃഷ്ടികളിൽ മനുഷ്യസൃഷ്ടിയെയാണ് ഏറ്റവും നല്ലതായി ദൈവം കാണുന്നത്. കുടുംബം ഭൂമിയിൽ പറുദീസയായി നിലനില്ക്കണമെന്നതാണ് ദൈവത്തിന്റെ ആഗ്രഹം. ദൈവം മനുഷ്യനെ പ്രത്യേക രീതിയിൽ സ്വന്തം കൈകൊണ്ട് മണ്ണുകൊണ്ട് മെനഞ്ഞ് മൂക്കിൽ ജീവശ്വാസം ഊതി ജീവനുള്ള മനുഷ്യനായിത്തീർന്നു. സ്ത്രീയും പുരുഷനും കുടുംബജീവിതത്തിൽ ജീവിതപങ്കാളിയെയും മക്കളെയും സന്തോഷിപ്പിക്കുന്ന സാന്നിദ്ധ്യമായി മാറണം. അരുതാത്തത് പറയാതിരിക്കാനും വാക്കുകൾകൊണ്ട് മുറിപ്പെടുത്താതിരിക്കാനും സാധിക്കണം. എപ്പോഴും സ്നേഹത്തിലൂടെ സംസാരിക്കണം. കുടുംബത്തിൽ ശാപവാക്കുകൾ അരുത്. പകരം സൗമ്യതയും ശാന്തതയും നിറഞ്ഞുനില്ക്കുന്ന സ്നേഹഭാവങ്ങൾ നിറയണം. സ്നേഹത്തിൽ അന്യരെ സഹായിക്കുവാനുള്ള കൈകളും ഉണ്ടായിരിക്കണം.

**കുടുംബപ്രാർത്ഥനയുടെ പ്രാധാന്യം**

ഒന്നിച്ചു പ്രാർത്ഥിക്കുന്ന കുടുംബത്തിലേക്ക് ദൈവം തന്റെ കൃപയുടെ സമൃദ്ധി ചൊരിയും എന്നതിന് ഒരു സംശയവും ഇല്ല. കുടുംബം ദൈവത്തിന്റെ സൃഷ്ടിയാണ്. ഈ അടുത്തകാലത്ത് ഒരു സർവ്വേയുടെ കണക്ക് വായിക്കുവാൻ ഇടയായി. 68% കുടുംബങ്ങളിൽ പ്രശ്നങ്ങൾ നിലനില്ക്കുന്നു. 22% ശിഥിലമായി കഴിഞ്ഞു. 10% മാത്രം കുഴപ്പമില്ലാതെ നിലനില്ക്കുന്നു. എന്നാൽ പലകുടുംബങ്ങളുടെയും അവസ്ഥ ശോചനീയമായിരിക്കുന്നു. എന്നാൽ പ്രാർത്ഥനയാണ് കുടുംബത്തിനുള്ള ആധാരം. കുടുംബത്തിൽ നല്ല സ്ത്രീകൾ ഇല്ലാത്തതാണ് കുടുംബപ്രശ്നങ്ങൾക്ക് കാരണം. പ്രാർത്ഥിക്കുന്ന ഒരു സ്ത്രീ (ഭാര്യ) ഉണ്ടെങ്കിൽ നല്ല കുടുംബം പണിയുവാൻ അവൾക്കു സാധിക്കും. കുടുംബപ്രാർത്ഥനയിൽ ഒരു അമ്മയ്ക്കുള്ള പങ്ക് (ഭാര്യയ്ക്ക്) ഒഴിച്ചുകൂടാനാവാത്തതാണ്. നല്ല ഭാര്യ പ്രാർത്ഥിക്കുവാൻ ഭർത്താവിനെയും മക്കളെയും സ്നേഹപൂർവ്വം പഠിപ്പിക്കുന്നവളാണവൾ. പ്രാർത്ഥനയുടെ ശക്തമായ കണ്ണികൾകൊണ്ട് കുടുംബബന്ധങ്ങളെ ഒന്നിച്ചു ചേർത്താൽ കുടുംബത്തിൽ സ്ത്രീ വിജയം കൈവരിക്കും.

യാത്രപോകുമ്പോൾ ഒരുനേരം പ്രാർത്ഥിക്കണം, യുദ്ധത്തിനു പോകുമ്പോൾ രണ്ടുനേരം പ്രാർത്ഥിക്കണം, വിവാഹത്തിനുപോകുമ്പോൾ മൂന്നുനേരം പ്രാർത്ഥിക്കണം എന്ന പുരാതന റഷ്യൻ രീതി നിലനിർത്തിക്കൊണ്ടു നല്ല അടിസ്ഥാനമുള്ള കുടുംബജീവിതം നയിക്കാൻ ഏവർക്കും കഴിട്ടെ! വിവാഹത്തിലേക്കു പ്രവേശിക്കുന്നത് വരനും, വധുവും ക്രിസ്തുവുമാണ്. അദൃശ്യനായി നില്ക്കുന്ന ദൈവത്തിന്റെ സാന്നിദ്ധ്യമാണ് കുടുംബജീവിതത്തിന്റെ ശക്തി. ഈ സാന്നിദ്ധ്യത്തെ തിരിച്ചറിഞ്ഞ് അവിടുത്തോടു ആലോചന ചോദിച്ച് ജീവിക്കുവാൻ തുടങ്ങുമ്പോൾ അവിടുന്ന് ഇടപെടും. നല്ല സ്ത്രീകൾക്ക് നല്ല

കുടുംബം പണിയുവാൻ സാധിക്കും. ത്യാഗവും, സഹനവും കാഴ്ചവെച്ചു ജീവിക്കുന്നു. പ്രാർത്ഥനയിൽ ശക്തി കണ്ടെത്തുന്നു. രണ്ടുനേരവും കുഞ്ഞുങ്ങളോടും മാതാപിതാക്കളോടും ഒന്നിച്ച് പ്രാർത്ഥിക്കുന്നവരായിരിക്കണം. അമ്മ (സ്ത്രീ) കുടുംബത്തിലെ ദീപമായിത്തീരണം. സ്നേഹവും, സമാധാനവും, വിശ്വാസവും ഒത്തുചേർന്ന ഒരു ഭവനമായിരിക്കണം (കുടുംബം). ക്രിസ്തീയ കുടുംബം സ്വർഗ്ഗീയകുടുംബത്തിനു മാതൃക തന്നെ. സ്നേഹത്തിന്റെ പൊന്നിൻനൂലിൽ യോജിക്കപ്പെട്ട ദമ്പതിമാർ ദൈവികസ്നേഹം വിളയാടുന്ന ക്രിസ്തീയകുടുംബത്തിലേക്കു പ്രവേശിക്കുന്ന ക്രിസ്തുവിനെ ഭവനത്തിൽ തലവനായി സ്വീകരിക്കണം. ക്രൈസ്തവകുടുംബത്തിന്റെ കേന്ദ്രബിന്ദു ദൈവഭക്തിയാണ്. ദൈവഭക്തിയിൽ വേരൂന്നിയ ഒരു ഭവനത്തിനു മാത്രമേ ഛിദ്രിക്കാത്ത കെട്ടുറപ്പോടെ നില്ക്കാൻ കഴിയൂ. ദൈവഭക്തി ഭവനത്തിനു കിരീടം തന്നെ. യഹോവ പണിയുന്ന വീടും യഹോവ കാക്കുന്ന പട്ടണവും അതിനുള്ളിലെ ശാന്തവും, സുന്ദരവുമായ കുടുംബജീവിതവുമാണ് ഭൂമിയിലെ സ്വർഗ്ഗം.

സാമർത്ഥ്യമുള്ള ഭാര്യയെ ആർക്കു കിട്ടും! അവളുടെ വില മുത്തുകളിലും ഏറും ദൈവഭക്തി, പ്രാർത്ഥന, ആരാധന, തിരുവചനധ്യാനം കുടുംബത്തിലെ ആദ്ധ്യാത്മിക അനുഭവങ്ങൾ.

**മോളിക്കുട്ടി ചാക്കോ, കണ്ണൂർ**

## Quest 96-ന്റെ ശരി ഉത്തരങ്ങൾ അയച്ചവർ

1. ജെസ്സി മോൻസൺ, കരിയംപ്ലാവ്, തിരുവല്ല
2. മോളിക്കുട്ടി ചാക്കോ, കണ്ണൂർ
3. ഗ്രേസ് ശാമുവേൽ, ഓമല്ലൂർ, പത്തനംതിട്ട
4. ജോയമ്മ സാംസൺ, കൊല്ലം
5. ജോളി ഷാജി, കരുവാറ്റ, അടൂർ
6. ലൈസ സാമുവേൽ, മുംബൈ
7. സൂസമ്മ എബ്രഹാം, പാമ്പാടി, കോട്ടയം
8. കുഞ്ഞുമോൾ ഈപ്പച്ചൻ, ഉള്ളൂർ, തിരുവനന്തപുരം
9. സൂസൻ തോമസ്, പട്ടം, തിരുവനന്തപുരം
10. സി.എം. മാമ്മൻ, കേന്ദ്രീയ വിഹാർ, മുംബൈ
11. അന്നമ്മ എബ്രഹാം, പെരുമന്നൂർ, കൊച്ചി.
12. ഡെയ്സി ബിജോയ് ജോൺ, ഇടപ്പള്ളി, കൊച്ചി
13. മേഴ്സി ജേക്കബ്, ഓമല്ലൂർ പത്തനംതിട്ട
14. വിദ്യാ ബാബു, പാറോട്ടുകോണം തിരുവനന്തപുരം
15. ലീല കെ. വി. പുളിയ്ക്കൽ കവല, കോട്ടയം
16. ഷീനാ ബൈജു, വട്ടപ്പാറ, തിരുവനന്തപുരം
17. ബിന്ദു സി.എസ്., വഞ്ചിയൂർ, തിരുവനന്തപുരം
18. എൽസമ്മ പീറ്റർ, വാളയാർ, പാലക്കാട്
19. ഷേബ ജസ്റ്റിൻ, തിരുവനന്തപുരം
20. ബ്ലസ്സി കെ. ശമൂവേൽ, ഓമല്ലൂർ, പത്തനംതിട്ട
21. എത്സി തോമസ്സ്, മീൻതുള്ളി, കണ്ണൂർ

**ക്വെസ്റ്റ് 96-ന്റെ ഉത്തരങ്ങൾ അയച്ച ഏവർക്കും നന്ദി.**
**വിജയികൾക്ക് ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ** **ക്വിസ് മാസ്റ്റർ**

## ‘അവൻ കോപിച്ചിട്ടു നിങ്ങൾ വഴിയിൽവെച്ചു നശിക്കാതിരിപ്പാൻ പുത്രനെ ചുംബിപ്പിൻ’

(സങ്കീ.2:12)

വളരെയേറെ പ്രക്ഷുബ്ധമായ ഒരു ലോകത്തിലാണു നാം ജീവിക്കുന്നത്. കാലത്തിന്റെ ഓരോ ദശകവും മുൻദശകങ്ങളെക്കാൾ കൂടുതൽ അസ്വസ്ഥമായി കാണപ്പെടുന്നു. എവിടെയും കലാപങ്ങളും യുദ്ധഭീഷണികളും, ചതിയും, വഞ്ചനയും, കൊലപാതകങ്ങളും വർദ്ധിച്ചുവരുന്നു. ഇതിനു പുറമേ പ്രകൃതി ദുരന്തങ്ങളും അരങ്ങേറുന്നു. ഇങ്ങനെയുള്ള ഒരു കാലഘട്ടത്തിൽ ജീവിക്കുന്ന ജനതയ്ക്കു ആവശ്യമായ ദൂതാണ് രണ്ടാം സങ്കീർത്തനത്തിലൂടെ നമുക്കു ലഭിക്കുന്നത്. സമകാലികവും പിൻതലമുറയ്ക്ക് ആവശ്യവുമായ ദൂത്. നാടകീയത മുറ്റിനില്ക്കുന്ന ഒരു മശിഹാസങ്കീർത്തനമാണിത്. മൂന്നു വാക്യങ്ങൾ വീതമുള്ള നാലു രംഗങ്ങളായി ഇതിനെ തിരിക്കാം.

ഒന്നാം രംഗത്തിൽ (സങ്കീ.2:1–3) നാം കാണുന്നത് ലോകത്തിന്റെ ആരവാരം. ഭരണാധികാരികളുടെ, നേതാക്കന്മാരുടെ, ന്യായാധിപന്മാരുടെ, എഴുത്തുകാരുടെ എന്നുവേണ്ട ജനഹൃദയങ്ങളെ സ്വാധീനിക്കുന്ന ഏവരുടെയും മറുതലിപ്പിന്റെ ആരവം, ഗൂഢാലോചന, മത്സരം. യഹോവെക്കും അവന്റെ അഭിഷിക്തനും എതിരായി ആലോചിക്കുന്നു. എഴുന്നേല്ക്കുന്നു. ദൈവത്തിന്റെ അഭിഷിക്തനായ ക്രിസ്തുവിനെ അവർ അംഗീകരിക്കുന്നില്ല. അപ്പൊ.പ്ര.4:24–28 ൽ നാം ഈ രംഗമാണു കാണുന്നത്. ഇന്നത്തെ ഗതിയും വിഭിന്നമല്ല. യേശുവിനെ ഒരു വെറും മനുഷ്യനായി ലോകം കാണുന്നു. ഗാന്ധിജി, നെഹ്റുജി തുടങ്ങിയ മഹാന്മാർക്കൊപ്പം ഒരു നല്ല മനുഷ്യനായി യേശുവിനെ ചിലർ കാണുന്നു. മറ്റുചിലർ അമൃതാനന്ദമയി, സായീബാബ തുടങ്ങിയ മനുഷ്യദൈവങ്ങൾക്കൊപ്പവും. വേറേ ചിലർ ശ്രീരാമൻ, ശ്രീകൃഷ്ണൻ, മുഹമ്മദുനബി തുടങ്ങിയ അവതാരപുരുഷന്മാരെപ്പോലെ ഒരു അവതാരപുരുഷനായും കാണുന്നു.

മനുഷ്യനെ സൃഷ്ടിച്ച ദൈവത്തിനു മാത്രമേ അവന്റെ ജീവിതത്തെ ചിട്ടപ്പെടുത്തുവാനുള്ള പരിജ്ഞാനമുള്ളൂ. അതിനുവേണ്ടിയാണ് ദൈവം കല്പനകളും പ്രമാണങ്ങളും ഉണ്ടാക്കിയിരിക്കുന്നത്. ദൈവം വെച്ചിരിക്കുന്ന അതിർവരമ്പുകളെയും, പരിധികളെയും, വ്യവസ്ഥകളെയും ലംഘിക്കുവാൻ മനുഷ്യർ ആഗ്രഹിക്കുന്നു. ആദാം മുതല്ക്കു തന്നെ ഈ കല്പനാലംഘനം നമുക്കു കാണാം. ആദാമും ഹവ്വായും

ദൈവത്തെക്കാൾ കൂടുതൽ സാത്താനെ വിശ്വസിച്ചു. തന്മൂലം അവർ മാത്രമല്ല മനുഷ്യജാതി മുഴുവനും ശാപഗ്രസ്തരായിത്തീർന്നു. ഭൂമി ശപിക്കപ്പെട്ടു. ദൈവമാണ് മനുഷ്യന് കുടുംബബന്ധവും ഏർപ്പെടുത്തിക്കൊടുത്തത്. പാവനമായ ആ ബന്ധത്തേയും ശിഥിലമാക്കാനല്ലേ ഇന്നു മനുഷ്യൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇന്നു വിശ്വാസികളുടെ ഇടയിൽപോലും ഇത്തരത്തിലുള്ള കല്പനാലംഘനങ്ങൾ വർദ്ധിച്ചു. വരുന്നു. തിരുവചനത്തെക്കാൾ മാനുഷവചനങ്ങൾക്കു വില കല്പിക്കുന്നു. നന്മയ്ക്കു തിന്മ എന്നും തിന്മയ്ക്കു നന്മ എന്നും പേർ പറകയും, ഇരുട്ടിനെ വെളിച്ചവും വെളിച്ചത്തെ ഇരുട്ടും ആക്കുകയും കയ്പ്പിനെ മധുരവും മധുരത്തെ കയ്പ്പും ആക്കുകയും ചെയ്യുന്നവർക്കു അയ്യോ കഷ്ടം' (യെശ.5:20).

സങ്കീർത്തനക്കാരൻ താഴെ ലോകത്തിലേക്കുനോക്കി ഭരണാധികാരികളുടെയും, ന്യായാധിപന്മാരുടെയും, പ്രഭുക്കന്മാരുടെയും, എഴുത്തുകാരുടെയും വീക്ഷണങ്ങൾ ദർശിച്ചിട്ട് മുകളിൽ സ്വർഗ്ഗത്തിലേക്കു നോക്കി ഉത്തരം കണ്ടെത്തുന്നു. നാം ഈ ലോകത്തിലേക്കു നോക്കിയാൽ ഉത്തരം കിട്ടുകയില്ല. കാരണം നാം സ്വർഗ്ഗീയ പൗരന്മാരാണ്. സ്വർഗ്ഗീയന്റെ മക്കളാണ്. അതുകൊണ്ട് ഉയരത്തിലേക്കു നോക്കുക, ഉയരത്തിലുള്ളതു ചിന്തിക്കുക. സത്യമായതു ഒക്കെയും ഘനമായതു ഒക്കെയും നീതിയായതു ഒക്കെയും നിർമ്മലമായത് ഒക്കെയും രമ്യമായതു ഒക്കെയും സൽക്കീർത്തിയായതു ഒക്കെയും സൽഗുണമോ പുകഴ്ചയോ അതു ഒക്കെയും ചിന്തിച്ചുകൊൾവിൻ (ഫിലി.4:8).

മനുഷ്യരുടെ വ്യർത്ഥനിരൂപണങ്ങൾ കേട്ട്, ദൈവം കോപത്തോടെ സംസാരിക്കുന്നു. ഇന്ന് പിശാചിന്റെ അധീനതയിൽ ഇരിക്കുന്ന ഈ ലോകത്തിന്റെ യഥാർത്ഥ അധികാരിയായ ക്രിസ്തു രാജാവായി വാഴുവാൻ പോകയാണ്. അന്ന് ക്രിസ്തുവിനെ കൈക്കൊള്ളാത്തവരെ എല്ലാം കർത്താവു കുശവന്റെ പാത്രം പോലെ തന്റെ കൈയിലുള്ള വടികൊണ്ട് തകർത്തു കളയും. ദൈവകോപത്തിൽനിന്നു രക്ഷപ്പെടുവാൻ പരിശുദ്ധാത്മാവാം ദൈവം മനുഷ്യവർഗ്ഗത്തിനു നല്കുന്ന സന്ദേശമാണ് അവൻ കോപിച്ചിട്ട് നിങ്ങൾ വഴിയിൽ വെച്ചു നശിക്കാതിരിപ്പാൻ പുത്രനെ ചുംബിപ്പിൻ എന്നത്. ഇതിനോടൊപ്പം നമുക്ക് ഓർമ്മ വരുന്ന വാക്യമാണ് അപ്പൊ. പ്രവൃത്തികൾ 16:31 'കർത്താവായ യേശുവിൽ വിശ്വസിക്ക; എന്നാൽ നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും.'

ഈ ലോകത്തിൽ ജീവിക്കുന്നുവെങ്കിലും നാം സ്വർഗ്ഗത്തിലേക്കുള്ള യാത്രക്കാരാണ്. നമ്മുടെ യാത്ര തടസ്സപ്പെടുത്തുവാൻ പിശാച്

തന്ത്രങ്ങൾ മെനഞ്ഞുകൊണ്ടിരിക്കുന്നു. അവന്റെ കെണിയിൽ അകപ്പെടാതെ യാത്ര മുന്നോട്ടു നയിക്കുവാൻ, നമുക്കുവേണ്ടി ജീവൻ വെടിഞ്ഞ ദൈവപുത്രനായ യേശുക്രിസ്തുവിനെ സ്വീകരിച്ചുകൊള്ളുക എന്നതാണ് ദൈവത്തിന്റെ പരിശുദ്ധാത്മാവു നമുക്കു തരുന്ന മുന്നറിയിപ്പ്. സ്നേഹവാനായ ദൈവം നീതിമാനായ ന്യായാധിപതി ആകയാൽ മുഖപക്ഷം കൂടാതെ ശിക്ഷ നടപ്പാക്കും. എന്നാൽ തന്നിൽ ആശ്രയിക്കുന്നവർക്കു അനുഗ്രഹം വാഗ്ദത്തം ചെയ്തിരിക്കുന്നു. ഈ ഭാഗ്യവാന്മാരുടെ ഗണത്തിൽ പെടാത്തവർ അവർ നില്ക്കുന്ന വഴിയിൽവെച്ചു തന്നെ നശിച്ചുപോകും. ആയതിനാൽ കർത്താവായ യേശുക്രിസ്തുവിനെ തന്റെ രക്ഷകനായി അംഗീകരിക്കാത്ത ഏവരുമേ അവനെ സ്വീകരിക്കുക. നാം രക്ഷിക്കപ്പെടുന്നത് നമുക്കായി ക്രൂശിൽ മരിച്ച യേശുവിനെ നമ്മുടെ ജീവിതത്തിന്റെ കർത്താവായി സ്വീകരിക്കുമ്പോഴാണ്. അതിന് ഹൃദയംകൊണ്ടു വിശ്വസിക്കയും വായ്കൊണ്ട് ഏറ്റുപറകയും ചെയ്യണം. ഈ പ്രക്രിയയെ ആണ് പുത്രനെ (ദൈവ പുത്രനായ യേശുവിനെ) ചുംബിക്കുക എന്ന പദംകൊണ്ട് വിവക്ഷിക്കുന്നത്.

ചുംബിക്ക എന്നതിനർത്ഥം വിശ്വസിക്ക, സ്നേഹിക്ക, ബഹുമാനിക്ക എന്നൊക്കെ നമുക്കു ചിന്തിക്കാം. തിരുവചനത്തിൽനിന്നും ചിലഭാഗങ്ങൾ ഇതിനോടുള്ള ബന്ധത്തിൽ പരിശോധിക്കാം.

(1) ഉൽപ.33:4 ഏശാവ് ഓടിവന്നു അവനെ എതിരേറ്റു. ആലിംഗനം ചെയ്തു; അവന്റെ കഴുത്തിൽ വീണു അവനെ ചുംബിച്ചു. തന്നെ വഞ്ചിച്ച് ഓടിപ്പോയ തന്റെ സഹോദരൻ യാക്കോബിന്റെ ദീർഘകാലത്തെ വേർപാടിനു ശേഷം തമ്മിൽ കണ്ടുമുട്ടുന്ന സന്ദർഭമാണിത്. അവരുടെ സൗഹൃദം പുതുക്കുന്നതിന്റെ അടയാളമാണ് ഇവിടെ ചുംബനം.

(2) 1 ശമൂ.10:1 അപ്പോൾ ശമൂവേൽ തൈലപാത്രം എടുത്തു അവന്റെ തലയിൽ ഒഴിച്ചു അവനെ ചുംബിച്ചു പറഞ്ഞത്: യഹോവ തന്റെ അവകാശത്തിന്നു പ്രഭുവായി നിന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ശാമൂവേൽ പ്രവാചകൻ ശൗലിനെ രാജാവായി അഭിഷേകം ചെയ്യുന്ന രംഗമാണിത്.

(3) 1 ശമൂ. 20:41 ബാല്യക്കാരൻ പോയ ഉടനെ ദാവീദ് തെക്കുവശത്തു നിന്നു എഴുന്നേറ്റുവന്നു മൂന്നു പ്രാവശ്യം സാഷ്ടാംഗം വീണു നമസ്ക്കരിച്ചു; അവർ തമ്മിൽ ചുംബനം ചെയ്തു കരഞ്ഞു.

യോനാഥാൻ തന്റെ അപ്പനായ ശൗൽരാജാവ് ദാവീദിനെ കൊല്ലുവാൻ അന്വേഷിക്കുന്നു എന്ന നിർണ്ണയം താൻ പ്രാണനുതുല്യം

സ്നേഹിക്കുന്ന ദാവീദിനെ അറിയിക്കുന്ന സന്ദർഭമാണിത്. അവരുടെ ഉറ്റബന്ധത്തെയാണ് ഇവിടെ ചുംബനം സൂചിപ്പിക്കുന്നത്.

(4) രൂത്ത്.1:14 ഓർപ്പാ അമ്മാവിയമ്മയെ ചുംബിച്ചു പിരിഞ്ഞു. ഇനി ഒരിക്കലും തങ്ങൾ തമ്മിൽ കാണുവാൻ ഇടവരികയില്ല എന്ന ചിന്തയാലുള്ള സ്നേഹപ്രകടനം. മരിച്ച ഒരാളുടെ മൃതദേഹത്തിൽ ഉറ്റവർ അർപ്പിക്കുന്ന ചുംബനം ഇതിനു സമം.

(5) 1 രാജാ.19:18 എന്നാൽ ബാലിനു മടങ്ങാത്ത മുഴങ്കാലും അവനെ ചുംബനം ചെയ്യാത്ത വായും ഉള്ളവരായി ആകെ ഏഴായിരം പേരെ ഞാൻ യിസ്രായേലിൽ ശേഷിപ്പിച്ചിരിക്കുന്നു. ഇവിടെ ചുംബനം ബഹുമാനം, ഭക്തി, ആരാധന എന്നിവയെ ദ്യോദിപ്പിക്കുന്നു.

6) ലൂക്കൊസ് 7:36-50 യേശു പരീശന്റെ വീട്ടിൽ ഭക്ഷണത്തിനിരിക്കുമ്പോൾ പാപിയായ ഒരു സ്ത്രീ ഒരു വെണ്കൽഭരണി പരിമളതൈലം കൊണ്ടുവന്നു, പുറകിൽ അവന്റെ കാല്ക്കൽ കരഞ്ഞു കൊണ്ടു നിന്നു കണ്ണുനീർകൊണ്ടു അവന്റെ കാൽ നനച്ചു. തലമുടികൊണ്ടു തുടച്ചു കാൽ ചുംബിച്ചു. തൈലം പൂശി. യേശുവും അവളെപ്പറ്റി പരീശനോടു പറയുന്നത്: നീ എനിക്കു ചുംബനം തന്നില്ല. ഇവളോ ഞാൻ അകത്തു വന്നതു മുതൽ ഇടവിടാതെ എന്റെ കാൽ ചുംബിച്ചു.

ഇവിടെ ചുംബനം, പാപിയായ സ്ത്രീയുടെ മാനസാന്തരം മൂലം തന്റെ ഗുരുവിനോടുള്ള അഗാധമായ സ്നേഹത്തേയും ഗുരുഭക്തിയേയും പ്രകടമാക്കാനാണ് ഉപയോഗിച്ചിരിക്കുന്നത്.

(8) മത്താ.26:47-56 ഇവിടെയാണ് അതിശ്രദ്ധേയമായ ഒരു ചുംബനത്തിന്റെ അരങ്ങേറ്റം. യേശുവിനെ ഒറ്റു കൊടുക്കുന്നതിനുവേണ്ടിയുള്ള യൂദായുടെ സ്നേഹാഭിനയം.

യൂദായുടേതുപോലുള്ള വിലകുറഞ്ഞ വികാരപ്രകടനമല്ല നമ്മുടെ ദൈവത്തോടുള്ള യഥാർത്ഥമായ സ്നേഹവും ഭക്തിയും പ്രകടിപ്പിക്കുവാനുള്ള ആഹ്വാനമാണ് നാം പ്രസ്തുത വാക്യത്തിൽ (സങ്കീ.2:12) ദർശിക്കുന്നത്. നമ്മുടെ ജീവിതത്തിന്മേൽ യേശുവിനുള്ള കർതൃത്വത്തെയും നമുക്കു തന്നോടുള്ള സ്നേഹത്തെയും നാം പരസ്യമായി സമ്മതിച്ച് ഏറ്റുപറയേണ്ടതാണ്. നിനെവേ പട്ടണത്തിൽ വലങ്കയ്യും ഇടങ്കയ്യും തമ്മിൽ തിരിച്ചറിയാതെ നശിച്ചു പോകുന്ന അനേകായിരങ്ങളെക്കുറിച്ചു അയ്യോഭാവം തോന്നിയ നമ്മുടെ ദൈവത്തിന്റെ മനോഭാവം നമ്മിലും ഉണ്ടാകേണ്ടതാണ്. അങ്ങനെയുള്ളവർ വഴിയിൽവെച്ചു നശിച്ചു പോകാതെ പുത്രനെ ചുബിപ്പാൻ ഒരുക്കിയെടുക്കേണ്ട ചുമതലയും നമുക്കോരോരോത്തർക്കുമുണ്ട്.

**ജോയമ്മ സാംസൺ, കൊല്ലം**

# വിശ്വാസത്തിൽ അധിഷ്ഠിത

വിശുദ്ധവേദപുസ്തകത്തിൽ യോശുവ 2-ാം അദ്ധ്യായം 10,11 വാക്യങ്ങളിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു "നിങ്ങൾ മിസ്രയീമിൽ നിന്നു പുറപ്പെട്ടുവരുമ്പോൾ യഹോവ നിങ്ങൾക്കുവേണ്ടി ചെങ്കടലിലെ വെള്ളം വറ്റിച്ചതും യോർദ്ദാന്നക്കരെവെച്ചു നിങ്ങൾ നിർമ്മൂലമാക്കിയ സീഹോൻ, ഓഗ് എന്ന രണ്ടു അമോര്യ രാജാക്കന്മാരോടു ചെയ്തതും ഞങ്ങൾ കേട്ടു. കേട്ടപ്പോൾ തന്നേ ഞങ്ങളുടെ ഹൃദയം ഉരുകി; നിങ്ങളുടെ നിമിത്തം എല്ലാവർക്കും ധൈര്യം കെട്ടുപോയി; നിങ്ങളുടെ ദൈവമായ യഹോവ തന്നേ മീതെ സ്വർഗ്ഗത്തിലും, താഴെ ഭൂമിയിലും ദൈവം ആകുന്നു".

ഈ പ്രസക്തഭാഗങ്ങളിലെ പ്രതിപാദ്യവിഷയം എന്തെന്നാൽ മരുഭൂമിയിൽ പട്ടുപോയ യിസ്രായേല്യരുടെ വിശ്വാസവും അമോര്യകുലത്തിൽപ്പെട്ട രാഹാബിന്റെ വിശ്വാസവും തമ്മിലുള്ള അന്തരമാണ്.

യഹോവ യിസ്രായേൽമക്കൾക്ക് ചെയ്ത അത്ഭുതങ്ങളും, അടയാളങ്ങളും സ്വന്തകണ്ണാൽ കണ്ടവർ ആയിരുന്നു. അവർ കേവലം കേൾക്കുക മാത്രമായിരുന്നില്ല. യഹോവയുടെ സ്നേഹവും പരിരക്ഷയും ഓരോ ദിവസവും അനുഭവിച്ചവരുമായിരുന്നു. പക്ഷേ അത് അവരുടെ ഉൾത്തടങ്ങളിൽ വിശ്വാസമായി പരിണമിച്ചിരുന്നില്ല. കണ്ടതും കേട്ടതും അനുഭവിച്ചതും ഗണ്യമാക്കിയുമില്ലവർ.

യെരിഹോ പട്ടണം നിർമ്മൂലമാക്കുകയെന്ന ലക്ഷ്യം മാത്രമായിരുന്നില്ല യഹോവയ്ക്ക്. ആ പട്ടണത്തിൽ തന്റെ ഒരു ആട് രക്ഷപ്പെടേണ്ടതായിട്ടുണ്ട്. മോശെയുടെ ന്യായപ്രമാണപ്രകാരം നിർദ്ദയം കല്ലെറിഞ്ഞു കൊല്ലപ്പെടേണ്ടവളും, പാപകുഷ്ഠത്താൽ ബാധിതയായി പാളയത്തിന് പുറത്ത് അശുദ്ധിയിൽ ജീവിക്കുന്നവളുമായ രാഹാബ്.

എന്നാൽ യെഹൂദ ചരിത്രത്തിൽ രാഹാബിന് നിസ്തുല്യമായ സ്ഥാനം ലഭിച്ചുവെന്നു തിരുവചനത്തിന്റെ ഇതരഭാഗങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. യാക്കോ. 2:25, എബ്രാ. 11:31 വിശ്വാസത്തിന്റെ ഉത്തമമാതൃകയായി തിരുവചനത്തിൽ രേഖപ്പെടുത്തുകയും ചെയ്തു.

എന്നാൽ എത്ര അഗാധതയിൽ കിടക്കുന്നവരെയും കൃപയുടെ കരങ്ങൾക്ക് എത്തിപ്പിടിക്കാൻ കഴിയുമെന്നുള്ളതിന്റെ ഉത്തമദൃഷ്ടാന്തമാണ് രാഹാബ് (യോശുവ 6:25).

യോശുവ അയച്ച ഒറ്റുകാരുടെ വരവോടെയാണ് അവളുടെ വിശ്വാസത്തിന്റെ ഏറ്റുപറച്ചിൽ നടന്നത്. എന്തായിരുന്നു രാഹാബിന്റെ വിശ്വാസത്തിന്റെ പ്രത്യേകതകൾ?

1. ആദ്യം കേൾവിയാണ്. യഹോവ യിസ്രായേൽ മക്കൾക്കുവേണ്ടി ചെയ്തത്. റോമ.10:17.
2. വിശ്വാസത്തിന്റ ഉറപ്പ് ഞാൻ അറിയുന്നു. യോശുവ 2:9.
3. തന്നെത്തന്നെ ത്യജിക്കാൻ തയ്യാറായി മർക്കൊസ് 8:34.

   തന്റെ പാപജീവിതം വിട്ട് ഓടുവാൻ തയ്യാറായി ലൂക്കൊസ് 14:27.
4. വിശ്വാസത്തിന്റെ അനുസരണം യോശുവ 2:21.
5. അവൾ പരസ്യമായി പ്രഖ്യാപിക്കുന്നു യോശുവ 2:9-11.

യഹോവ തന്നെ യഥാർത്ഥ ദൈവം. തന്നിൽ വിശ്വസിക്കുന്നവർക്ക് രക്ഷ സൗജന്യമായി കൊടുക്കുന്ന സർവ്വകൃപാലുവായ ദൈവമെന്ന് വെളി. 7:10-ൽ രേഖപ്പെടുത്തിയിരിക്കുന്നു. അങ്ങനെ തനിക്കു മനസ്സുള്ളവനോട് അവനു കരുണ തോന്നുമെന്നും രേഖപ്പെടുത്തിയിരിക്കുന്നു (റോമ. 9:18). രക്ഷയ്ക്കായി ദൈവം അവളുടെ പാപമനസ്സാക്ഷിയെ ഉണർത്തുകയും ഒരുക്കുകയും ചെയ്തു.

രാഹാബിന്റെ വിശ്വാസം ഉറപ്പുള്ളതായിരുന്നുവെന്നു മാത്രമല്ല, അതു പ്രവൃത്തിയാൽ തെളിയിക്കപ്പെട്ടതുമാണ് (യാക്കോ.2:25). വലിയ ന്യായവിധിയെക്കുറിച്ച് അവൾക്ക് വെളിപ്പെടുത്തിക്കിട്ടിയപ്പോൾ അവൾ അത് വിട്ടോടുവാൻ തയ്യാറായി. അവളുടെ വിശ്വാസത്തിന്റെ സ്വാധീനതയാൽ അവൾക്കുണ്ടായിരുന്നവരും രക്ഷപ്പെടുവാനിടയായി. നമുക്ക് മനസ്സിലാക്കാം ദൈവത്തിന്റെ പരിശുദ്ധാത്മാവ് ഉൾത്തടത്തിൽ പ്രവർത്തിച്ചതിന്റെ ഫലമായിട്ടാണ് അവൾ വിശ്വസിച്ചത്. സ്വയബുദ്ധിയിൽ നിന്നുളവായതോ ആരും പറഞ്ഞുകൊടുത്ത ആപ്തവാകൃശകലങ്ങളോ അല്ല അവളെ വിശ്വാസത്തിലുറപ്പിച്ചത്.

ഈ കാലഘട്ടത്തിലും സുവിശേഷം ആരോടു പറഞ്ഞാലും മുൻനിർണ്ണയമില്ലാതെ അവർ വീണ്ടും ജനിക്കുന്നില്ല. പ്രിയപ്പെട്ടവരേ, നമ്മുടെ ഉള്ളിൽ ക്രിസ്തുവിനെക്കുറിച്ചുള്ള വെളിപ്പാട് ലഭിച്ചാൽ മാത്രമേ അതു വിശ്വാസമായി പരിണമിക്കയുള്ളൂ. അതു നമ്മൾ ഏറ്റെടുത്തു ജീവിതത്തിൽ പ്രാവർത്തികമാക്കുന്നവരോ?

പ്രിയപ്പെട്ടവരേ, ഈ കാലഘട്ടത്തിലും ചിലരെ ദൈവം നമ്മുടെ അടുത്തേക്കു ചില ഓർമ്മപ്പെടുത്തലുകളുമായി അയയ്ക്കാറുണ്ട്. നമ്മുടെ കലങ്ങിമറിഞ്ഞ ജീവിതസാഹചര്യങ്ങളിൽ അവർ നമുക്ക് അനു

ഗ്രഹമായിത്തീരുകയും ചെയ്യും. ആ ഓർമ്മപ്പെടുത്തലുകൾ ലോകയിമ്പ മോഹങ്ങളിൽ നിന്നു നമ്മെ വിടുവിക്കാനും ഇടയാകും.

നമ്മുടെയുള്ളിൽ ജീവനായ സ്വർഗ്ഗീയ വെളിപ്പാടുകൾ "മീതെ സ്വർഗ്ഗത്തിലും താഴെ ഭൂമിയിലും അവൻ തന്നെ ദൈവം" നാം അനുഭവിച്ച സ്നേഹം, അനേകർക്ക് ലഭിക്കാത്ത നിത്യരക്ഷ സൗജന്യമായി കിട്ടിയത് പരിപാലനവും നാം ഗണ്യമാക്കിയിരിക്കുക, ക്രിസ്തുവാകുന്ന നങ്കുരത്തിൽ ഉറപ്പിക്കുക നമ്മുടെ ജീവിതം.

എന്നാൽ നാം ദൈവമക്കൾ എന്നു പറയുമ്പോഴും യിസ്രായേല്യരെപ്പോലെയാണ് നമ്മുടെ ജീവിതം. കേട്ടിട്ടും കണ്ടിട്ടും, അനുഭവിച്ചിട്ടും ദൈവമെന്നോർക്കാതെ, മഹത്ത്വം കൊടുക്കാതെ നാം നമ്മുടെയിഷ്ട പ്രകാരം ലോകയിമ്പങ്ങൾക്കു പിന്നാലെ ഓടുന്നവരായിത്തീരുന്നു. ആയതുകൊണ്ട് നമുക്ക് നമ്മിലേക്കു തന്നെ ഒന്നു തിരിഞ്ഞുനോക്കാം. നമ്മുടെ വിശ്വാസത്തിനാധാരം യേശുകർത്താവു തന്നെയോ? ത്യജിക്കേണ്ടതിനെ ത്യജിക്കാം. തിരുത്തപ്പെടേണ്ടത് തിരുത്താം. വേർപാട് പാലിക്കേണ്ടയിടങ്ങളിൽ വേർപാട് പാലിക്കാം. 2 കൊരി. 3:2 ൽ പറയുന്നതുപോലെ ക്രിസ്തുവിന്റെ പത്രങ്ങളാകാം. നാം മുഖാന്തരം സഹോദരങ്ങളെയും നിത്യതയ്ക്കുവേണ്ടി ഒരുക്കാം. വചനത്തിന്റെ അനുസരണത്തിൽ ക്രിസ്തുവിന് കീഴടങ്ങി ജീവിക്കാം.

പ്രതികൂലങ്ങളിൽ തളരാതെ പതറാതെ കരം തന്നു കാത്തു സൂക്ഷിക്കുന്ന യേശുവിൽ വിശ്വസിച്ച് മുന്നേറാം. അതിനായി കർത്താവ് നമ്മെ ഓരോരുത്തരെയും സഹായിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

പ്രതികൂല കാറ്റടിച്ചു എൻ പടകിനെ
തകർത്തിടുമ്പോൾ
സത്യമായി വിളിച്ചിടുമ്പോൾ
എൻ രക്ഷകനരികിലുണ്ട്

**എത്സി തോമസ്സ്, മേക്കരിങ്ങാട്ട്**

*"ഭൂമിയും അതിന്റെ പൂർണതയും*
*ഭൂതലവും അതിന്റെ നിവാസികളും*
*യഹോവയ്ക്കുള്ളതാകുന്നു" സങ്കീ. 24:1*

# ഡാഡിയെ വേണം

രണ്ടാം ലോകമഹായുദ്ധം ഇന്ത്യയിൽ അരങ്ങേറിയത് നാഗാലാൻഡിലുള്ള കൊഹിമ നഗരത്തിലാണല്ലോ. ജപ്പാന്റെ പട ബർമ്മയിലൂടെ കടന്ന് ഇന്ത്യയുടെ വടക്കുകിഴക്കൻ പ്രവിശ്യയിലെത്തി ഐക്യകക്ഷി സേനയുമായി ഏറ്റുമുറ്റി പരാജയം ഏറ്റുവാങ്ങി. ചരിത്രത്തിൽ തടിച്ച അക്ഷരങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ടിത്. കൊഹിമയിലെ യുദ്ധഭൂമി ശവപ്പറമ്പായി മാറി. യുദ്ധം അവിടെ അവസാനിച്ചു. യുദ്ധത്തിന്റെ ശവപ്പറമ്പ് എന്ന് (war cemetry) ആ സ്ഥലം അറിയപ്പെടുന്നു. നിരവധി പടയാളികളുടെ രക്തം അവിടെ ചിന്തി, അനേകരെ അവിടെ അടക്കം ചെയ്തു. അവരുടെ ശവകുടീരങ്ങൾ യുദ്ധത്തിന്റെ കയ്പ്പേറിയ ഓർമ്മകളെ നിശബ്ദമായി വിളിച്ചറിയിച്ചുകൊണ്ടും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുമുള്ള സഞ്ചാരികളെ ആകർഷിച്ചുകൊണ്ടും സ്ഥിതി ചെയ്യുന്നു. ആ ശവപ്പറമ്പിൽ ഞാൻ രണ്ടു മണിക്കൂർ ചെലവഴിച്ചു. മാർബിളിൽ കൊത്തിയ പേരുകൾ, അവരുടെ പ്രായം, രാജ്യം ഇതൊക്കെ വായിച്ചുകൊണ്ട്. ഓരോ മാർബിളിലും കൊത്തിയിട്ടുള്ള വാചകങ്ങൾ എന്നെ വളരെ ആകർഷിച്ചു. വളരെ അധികം ശിലകളിലും കണ്ട വാചകം താഴെ ചേർക്കുന്നു. തികച്ചും അർത്ഥവത്തായ ഒന്ന്, He died that you may live (നിങ്ങൾ ജീവിക്കുവാനായി അവൻ മരിച്ചു.)

> ഡോ. കുഞ്ഞുമോൻ ചാക്കോ എഴുതിയ
> **"തടവുകാരെ തേടി"**
> എന്ന പുസ്തകത്തിൽ നിന്നും

ആ ശ്മശാനത്തിന്റെ മദ്ധ്യത്തിൽ ഒരു വലിയ ക്രൂശ് ഉയർത്തിയിട്ടുണ്ട്. വെളുത്ത മേഘങ്ങളിൽ അത് മുട്ടുന്നുണ്ടോ എന്ന് തോന്നും, പട്ടണത്തിന്റെ മിക്കഭാഗത്തുനിന്നു നോക്കിയാലും കാണാം അത്. നമ്മുടെ മഹാകവിയുടെ കവനകലയിൽ ഇങ്ങനെ വർണ്ണിച്ചു.

"രണ്ടായിരത്തോളമാണ്ടുകൾക്കപ്പുറ
ത്തുണ്ടായയോരാമഹാത്യാഗത്തെയിപ്പോഴും
മൂകമാണെങ്കിലും ഉച്ചത്തിൽ വർണ്ണിക്കും
ഏകമുഖമാം കുരിശിനെ മുത്തുവാൻ
ആരാലിറങ്ങിവരും ചില മാലാഖമാരായ്
വരാം കണ്ട വെള്ളമുകിലുകൾ"

ആ കുരിശിന്റെ ചുവട്ടിലേക്കാണ് എന്റെ വായനക്കാരനെ കൊണ്ടു

വരുവാൻ ഞാനാഗ്രഹിക്കുന്നത്. കാരണം കുരിശിന്റെ ചുവട്ടിലായിരുന്നു എഴുതേണ്ടത്. He died that you may live. ഞാനും നിങ്ങളും ജീവിക്കേണ്ടതിന്, നമുക്ക് നിത്യജീവൻ ലഭിക്കേണ്ടതിന് യേശുക്രിസ്തു ക്രൂശിൽ മരിച്ചു. "അവർക്കു ജീവനുണ്ടാകുവാനും സമൃദ്ധിയായുണ്ടാകുവാനും." അതിക്രമക്കാരനും പാപിയുമായ മനുഷ്യന്റെ സകല പാപത്തിന്റെ ശിക്ഷയും പേറിക്കൊണ്ട് ദൈവപുത്രനായ ക്രിസ്തു ക്രൂശിൽ മരിച്ചു. എന്നേക്കുമുള്ള പാപമോചനം വിളംബരം ചെയ്തു. ഇനി ഒരു പാപി അവന്റെ പാപത്തെ ഓർത്ത് ഭാരപ്പെട്ട് പുണ്യതീർത്ഥം തേടി അലയേണ്ട. പാപിക്ക് ഒരു രക്ഷിതാവിനെ ദൈവം ഒരുക്കി. ക്രൂശിൽ അവനെ പരസ്യമായി പ്രദർശിപ്പിച്ചു. നമുക്ക് ജീവനുണ്ടാകുവാൻ ക്രിസ്തു ക്രൂശിൽ മരിച്ചു. സ്നേഹിതാ ഈ പാപപരിഹാരകനായ ക്രിസ്തുവുമായി നിങ്ങൾ ബന്ധപ്പെട്ടിട്ടുണ്ടോ? പശ്ചാത്താപത്തോടെ പാപത്തെ ഏറ്റുപറഞ്ഞ് ക്രിസ്തുവിൽ നിത്യജീവൻ കണ്ടെത്തുവാൻ ഞാൻ നിങ്ങളെ ക്ഷണിക്കുന്നു.

കൊഹിമയിൽ ഞാൻ പോയത് അവിടെയുള്ള പ്രിസൺ ഫെലോഷിപ്പ് ശാഖ ക്രമീകരിച്ച വോളണ്ടിയേഴ്സ് പരിശീലന സെമിനാറിൽ ഒരു അദ്ധ്യാപകനായിട്ടാണ്. ചെയർമാൻ ടി. എസ്. ഷോളെ എന്നെ സ്വീകരിക്കാൻ ദിമാപൂർ വിമാനത്താവളത്തിൽ വന്നിട്ടുണ്ടായിരുന്നു. സമുദ്രനിരപ്പിൽ നിന്നും 5000 അടി ഉയരത്തിൽ സ്ഥിതിചെയ്യുന്ന ഈ പട്ടണം കുന്നുകളുടെ പട്ടണമാണ്. ഡിസംബർ മാസമായിരുന്നതിനാൽ നല്ല തണുപ്പും ഉണ്ടായിരുന്നു. വടക്കു കിഴക്കൻ മേഖലയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നായി 26 പേർ പരിശീലനത്തിനുണ്ടായിരുന്നു. ബോർഡ് മെമ്പർ ബി. വി. ആർ. റാവു സെമിനാറിനുവേണ്ട ക്രമീകരണങ്ങൾ ചെയ്തു. അവൊ ബാപ്റ്റിസ്റ്റ് പള്ളിയിലാണ് സെമിനാർ നടന്നത്. നാഗാലാൻഡിലെ ഒരു വർഗ്ഗം ആണ് അവൊകൾ. രാത്രി പൊതുസമ്മേളനമായിരുന്നു. ഓരോ രാത്രിയും ജയിലിൽവെച്ച് മാനസാന്തരപ്പെട്ട തടവുകാരിൽ ചിലർ വന്ന് അവരുടെ ജീവിതത്തിനുണ്ടായ മാറ്റത്തെക്കുറിച്ചും ഉയിർത്തെഴുന്നേറ്റ യേശുക്രിസ്തുവിന്റെ ശക്തിയെക്കുറിച്ചും സാക്ഷ്യം പറയുന്നതു കേൾക്കുവാൻ വളരെ സന്തോഷമായിരുന്നു. യോഗാനന്തരം വാർഡന്മാർ അവരെ തിരികെ ജയിലിലേക്ക് കൊണ്ടുപോകുമായിരുന്നു. മി. ഐ. പാങ്ങർ എന്ന ക്രിസ്തുഭക്തനാണ് ആ ജയിലിൽ പ്രവർത്തിക്കുന്നത്. അദ്ദേഹം നാഗാലാൻഡ് ഗവൺമെന്റിൽ സെക്രട്ടറിയായിരുന്നു. പക്വതയും കറപുരളാത്ത സർവ്വീസും ഉള്ള ഈ മാന്യസഹോദരനെയും സഹപ്രവർത്തകനായി ലഭിച്ചതിൽ ഞാൻ സന്തോഷിക്കുന്നു.

കൊഹിമയിൽ പോകുമ്പോൾ Tragopan പക്ഷിയെ കാണണ മെന്നെനിക്കുണ്ടായിരുന്ന ആഗ്രഹം എന്റെ ആതിഥേയരെ ഞാൻ അറിയിച്ചു. അവർ എന്നെ അടുത്ത ദിവസം രാവിലെ കാഴ്ചബംഗ്ലാവിൽ കൊണ്ടുപോയി കാണിച്ചുതന്നു. നേപ്പാളിലെ മലകളിലും നാഗാലാൻഡിലെ മലകളിലും അപൂർവമായി കാണുന്ന പക്ഷിയാണ് ട്രഗോപാൻ. ദൈവസൃഷ്ടിയുടെ മനോഹരത്വം മറ്റൊരു പക്ഷിയിലും ഇത്ര ശ്രേഷ്ഠമായി ഞാൻ കണ്ടിട്ടില്ല. ഈ പക്ഷിയുടെ ഒരു ഇണയ്ക്ക് ലക്ഷക്കണക്കിനു വിലയുണ്ടെന്ന് പറയപ്പെടുന്നു. അതിനെ പാർപ്പി ച്ചിരിക്കുന്ന കൂടിന്റെ സമീപമെല്ലാം ഞാൻ നോക്കി കൊഴിഞ്ഞുവീണ ഒരു തൂവലെങ്കിലും കിട്ടുവാൻ.

കൊഹിമയിൽ യുദ്ധശ്മശാനവും ട്രഗോപാനും എന്നെ വളരെ ആകർഷിച്ചു. എന്നാൽ എനിക്ക് മറക്കാനാവാത്തതും എന്നെ കരയിച്ച തുമായ ഒരു സംഭവം കൂടിയുണ്ട്. വിദ്യാർത്ഥികളുമായി ഒരു പ്രായോഗിക പരിശീലനത്തിനായി അന്ന് ശനിയാഴ്ച ഉച്ചകഴിഞ്ഞ് ഞങ്ങൾ കൊഹിമ ജയിലിനുള്ളിൽ എത്തി. തടവുകാർക്ക് യേശുക്രിസ്തുവിനെയും ക്രിസ് തുവിലൂടെയുള്ള പുതുജീവിതത്തെയും പരിചയപ്പെടുത്തി കൊടു ക്കുന്നതിലുള്ള പ്രായോഗിക ക്ലാസ്സായിരുന്നു അത്. 169 പുരുഷന്മാരും 15 സ്ത്രീകളും ജയിലിലുണ്ടായിരുന്നു. അവരെല്ലാവരും വന്നിരുന്നു. ആ ജയിലിൽ മാനസാന്തരപ്പെട്ട ചില തടവുകാരുണ്ട്. അവർ പാട്ടുപാടി. മി. പാങ്ങർ എന്നെ പരിചയപ്പെടുത്തി. തുടർന്ന് ഞാൻ അവരോട് സംസാരിച്ചു. ആപ്പിളും ബൈബിളും അവർക്ക് വിതരണം ചെയ്തു.

10 വയസ്സിൽ താഴെയുള്ള 3 പേർ ജയിലിലുണ്ടായിരുന്നു. 2 വയസ്സുകാരനായ ഒരു കുട്ടിയും. അവന്റെ അപ്പനും അമ്മയും ജയിലിലാ യിരുന്നു. അയൽവാസികളുമായുള്ള സംഘട്ടനമായിരുന്നു അവരുടെ കേസ്. ഞങ്ങളുടെ പരിപാടി കഴിഞ്ഞ് തടവുകാർ സെല്ലുകളിലേക്ക് മടങ്ങുമ്പോൾ ഒരു വലിയ ആവശ്യം 2 വയസ്സുകാരൻ ഉച്ചത്തിൽ ഉന്ന യിച്ചു; ‘ഡാഡിയെ വേണം’. അവന്റെ ശബ്ദവും കൈ ഉയർത്തലും ശ്രദ്ധി ച്ചപ്പോൾ കേരളത്തിലാണെങ്കിൽ അവന് നല്ല ഭാവി ഉണ്ടാകുമെന്ന് ഞാൻ കരുതി. തടവുകാരുടെ ഇടയിലൂടെ അവന്റെ അപ്പൻ അവനെ നോക്കി. അമ്മയുടെ കൈയ്യിലിരിക്കുന്നവൻ ഊർന്നിറങ്ങി. കുഞ്ഞിക്കാലുകൾ വച്ച് ഏഷ്യാഡിന് പി. റ്റി. ഉഷ ഓടിയതിനേക്കാൾ വേഗത്തിൽ ഒരു ഓട്ടം. അമ്മ ഓടിവന്ന് അവനെ എടുത്തു. അവന്റെ ആവശ്യം പിന്നെയും ഉന്നയിച്ചു. അവൻ കരയുവാൻ തുടങ്ങി. ആരോ ആശ്വസിപ്പിക്കുവാൻ ഒരു ആപ്പിൾ അവന്റെ കൈയ്യിൽവച്ചുകൊടുത്തു. ആവുന്ന ശക്തിയിൽ ക്രിക്കറ്റുതാരം കപിൽദേവിനെ തോല്പിക്കുന്ന രീതിയിൽ അവൻ

അതെറിഞ്ഞു കളഞ്ഞു. പ്രത്യേകാനുവാദപ്രകാരം അവന്റെ അപ്പൻ വന്ന് അവനെ എടുത്തു. ആ പിഞ്ചുബാലൻ അവന്റെ അപ്പനെ ചുംബിക്കുന്നതു കണ്ടപ്പോൾ പലരുടെയും കണ്ണുകൾ നിറയുന്നുണ്ടായിരുന്നു. പല രംഗങ്ങളും ജയിലിൽ കണ്ടിട്ടുള്ള ഞാൻ അന്നു കരഞ്ഞതുപോലെ ജയിലിൽവച്ചു കരഞ്ഞിട്ടില്ല. കുറെക്കഴിഞ്ഞ് ഞാൻ ആ ബാലനെ എടുത്തു. അപ്പനും അമ്മയും രണ്ടുവശത്തും നിന്ന് ഞങ്ങൾ ഒരു ഫോട്ടോ എടുത്തു. ഞാൻ വിലയേറിയതായി സൂക്ഷിക്കുന്ന ഒരു ഫോട്ടോയാണിത്.

രണ്ടു വയസ്സുകാരനും നിരപരാധിയുമായ ആ ബാലന് നല്കുവാൻ നമ്മുടെ ജനാധിപത്യ വ്യവസ്ഥിതിയിൽ ഉള്ളത് തുറുങ്ക് ആണല്ലോ എന്ന് ഞാൻ ഓർത്തു. മാതാപിതാക്കൾ പുറത്തു വരുന്നതുവരെ അവന്റെ സംരക്ഷണച്ചുമതല കൊഹിമയിലെ പി. എഫ്. ഏറ്റെടുക്കുവാൻ ശ്രമിച്ചപ്പോൾ, ശത്രുക്കൾ കുഞ്ഞിനെ തട്ടിക്കൊണ്ടുപോയാൽ സംഗതി വളരെ വഷളാകുമെന്ന കാരണത്താൽ ഞങ്ങളും നിസ്സഹായരായി. രണ്ടു വയസ്സുകാരനുപോലും സ്വതന്ത്രവായു ശ്വസിക്കുവാൻ കഴിയാത്ത ഭീഷണിയുടെ കരിനിഴലിലാണ് ഇന്ന് നാമും നമ്മുടെ സമൂഹവും. രാജ്യത്ത് ഒരിടത്തും സ്വസ്ഥതയില്ല. വിപ്ലവം, ഭീകരത്വം, ജീവനും സ്വത്തിനും സംരക്ഷണമില്ലായ്മ, അമിതമായി വളർന്നുവരുന്ന അഴിമതി, ശബ്ദ-വായു-ജലമലിനീകരണം ഇതെല്ലാമായിരിക്കുകയാണ് നമ്മുടെ മൗലിക അവകാശങ്ങൾ. ഭരണകർത്താക്കൾ പകച്ചുനില്ക്കുന്നു ഉത്തരം കിട്ടാത്ത ചോദ്യങ്ങളുടെ മുന്നിൽ. സാമ്പത്തിക വിദഗ്ദ്ധന്മാർ തോറ്റ് തുന്നംപാടുന്നു. വർദ്ധിച്ചുവരുന്ന നാണയപ്പെരുപ്പത്തിന്റെയും വിലക്കയറ്റത്തിന്റെയും മുന്നിൽ ആത്മീയവും മതവും വഴി മാറുന്നു പ്രശ്നങ്ങളുടെ മുന്നിൽ. നാം എങ്ങോട്ട് എന്ന് ചിന്തിക്കാത്തവർ ഇന്ന് ചുരുക്കം. ചിന്തിക്കുന്നവർ തീർച്ചയായും ചുരുങ്ങും. നമ്മുടെ രോഗത്തിനല്ല ഇന്ന് ചികിത്സ ലഭിക്കുന്നത്. രോഗം ആത്മികവും ധാർമ്മികവുമാണ്. ചികിത്സിക്കുന്നത് ഭൗതിക രോഗത്തിനും. ആത്മീയ പ്രശ്നങ്ങൾക്ക് ഉത്തരം നല്കുവാൻ ഭൗതികത്തിന് കഴിയുകയില്ല. നാം ദൈവത്തിങ്കലേക്ക് തിരിഞ്ഞു എങ്കിലേ നമ്മുടെ സ്ഥിതി ശരിയാകയുള്ളൂ. സാമൂഹ്യവനവത്കരണവും ആണവനിലയവും പരിസരവ്യതിയാന പ്രക്രിയകളും നേടിത്തരുമെന്നുള്ള വാഗ്ദാനം മരുഭൂമിയിലെ മരീചിക മാത്രം. അടിതൊട്ട് മുടിവരെ വ്രണം നിറഞ്ഞ മനുഷ്യൻ പശ്ചാത്താപത്തോടെ ദൈവത്തിങ്കലേക്ക് തിരിയണം. നമ്മുടെ ഭരണാധികാരികൾ അവരുടെ അഹങ്കാരവും സ്വന്തം കഴിവിലുള്ള ആശ്രയവും ആയുധത്തിലുള്ള അവലംബവും അവസാ

നിപ്പിച്ച് ജീവനുള്ള ദൈവത്തിങ്കലേക്ക് തിരിയുമെങ്കിലേ നമുക്ക് ആശയ്ക്ക് വകയുള്ളൂ. ക്രൈസ്തവ വിശ്വാസികൾ രാജ്യത്തിനും ഭരണാധികാരികൾക്കുംവേണ്ടി പ്രാർത്ഥിക്കണം എന്ന് ബൈബിൾ പറയുന്നു.

കൊഹിമ ജയിലിൽ കണ്ട ബാലൻ ആവശ്യത്തിന് സൂര്യപ്രകാശം പോലും ലഭിക്കാതെയുള്ള, വൃത്തിയും വെടിപ്പും വേണ്ടവണ്ണമില്ലാത്ത 8 : 12 അടി വലിപ്പമുള്ള ജയിൽ മുറിയിൽ അമ്മയോടൊത്ത് വളരണം. അവന്റെ കുരുന്നു മനസ്സിൽ കുറ്റകൃത്യങ്ങളും അവയുടെ കയ്പ്പേറിയ ഫലങ്ങളും സ്ഥാനം പിടിക്കും. അവനൊരു കുറ്റവാളിയായി പുറത്തു വരുന്നു എങ്കിൽ അതിനുത്തരവാദി സമൂഹവും സർക്കാരും തന്നെ. ഇന്ത്യയിലെ വിവിധ ജയിലുകളിൽ കഴിയുന്ന 16 വയസ്സിൽ താഴെയുള്ള നൂറുകണക്കിന് കുട്ടികളുടെ ഭാവി എന്താണ്? അവർ ആരായിത്തീരും? കൊച്ചുകേരളത്തിലെ ജയിലുകളിലും ജയിൽവകുപ്പിന്റെ പോഷക സ്ഥാപനങ്ങളായ ബാലമന്ദിരം, ദുർഗുണപരിഹാര പാഠശാല എന്നിവിടങ്ങളിലും കഴിയുന്ന കുട്ടികൾ ആരായിത്തീരും? അവരെക്കുറിച്ച് ആരെങ്കിലും ചിന്തിക്കുന്നുണ്ടോ? ഈ വിലയേറിയ ജീവിതങ്ങളെ മെരുക്കിയെടുത്ത് ജീവിതമൂല്യമുള്ളവരായി, ഉത്തമപൗരന്മാരായി തീർക്കുവാനുള്ള ശ്രമത്തിൽ നിങ്ങളുടെ ചിന്തയും സഹകരണവും ആവശ്യമാണ്. അത് നല്കുമോ? ഈ കുട്ടികൾ ക്രമപ്പെട്ടാൽ അവർ സമൂഹത്തിനു സമ്പത്തായിത്തീരും, ജീവപര്യന്തം.

**ഡോ. കുഞ്ഞുമോൻ ചാക്കോ, കോട്ടയം**

## Quest 96 - ന്റെ ശരി ഉത്തരങ്ങൾ

1. രെഫായീം താഴ്വര (2 ശമൂ. 23:13)
2. അമാസയെ (2 ശമൂ. 17:25)
3. യെദീദ്യാവ് (2 ശമൂ. 12:25)
4. ഹാനൂൻ (2 ശമൂ. 10:2)
5. ഉപ്പുതാഴ്വര (2 ശമൂ. 8:13)
6. ഗാദ് (2 ശമൂ. 24:11)
7. സീബ (2 ശമൂ. 16:1)
8. ബത്ത് - ശേബ (2 ശമൂ. 11:3)
9. ഹെബ്രോൻ (2 ശമൂ. 2:1)
10 ദാവീദിന്റെ (2 ശമൂ. 3:5)
11. യിസ്രായേൽ ഗോത്രങ്ങൾ ദാവീദിനോട് (2 ശമൂ. 5:1)
12. ദാവീദ് (2 ശമുവേൽ 7:2)
13. മെഫീബോശെത്ത് (2 ശമൂ. 4:4)
14. ഓബേദ് - എദോമിനെയും കുടുംബത്തെയും (2 ശമൂ. 6:11)
15. താമാർ (2 ശമൂ. 13:1)
16. ശേബ (2 ശമൂ. 20:1)
17. യോവാബ് (2 ശമൂ. 14:1)
18. യോനാഥാൻ (2 ശമൂ. 9:6)
19. അഹീമാസ് (2 ശമൂ. 18:19)
20. ദയ (2 ശമൂ. 22:51)

# വിവാഹം ആലോചിക്കുമ്പോൾ

മാനുഷിക ബന്ധങ്ങളിൽ ഏറ്റവും വൈകാരികതയുള്ളതും സങ്കീർണ്ണത നിറഞ്ഞതുമായ ബന്ധമാണ് ഭാര്യാ-ഭർത്തൃബന്ധം. പാശ്ചാത്യർ വളരെ അത്ഭുതത്തോടെയും ആദരവോടെയും വീക്ഷിച്ചിരുന്നതാണ് ഇന്ത്യയിലെ കുടുംബസംവിധാനം. കോൺക്രീറ്റ് സെറ്റ് ആകുന്നതു പോലെയാണ് കുടുംബബന്ധങ്ങൾ രൂപപ്പെടുന്നതും ഉറയ്ക്കുന്നതും. കോൺക്രീറ്റ് ദൃഢമായിക്കഴിഞ്ഞാൽ അത് തകർക്കാൻ വളരെ ബുദ്ധിമുട്ടാണ്. തകർന്ന് കഷണങ്ങളായി മാറിയാൽ പിന്നെ കൂട്ടിയോജിപ്പിക്കാനും പ്രയാസമാണ്.

വിശ്വാസികളെ സംബന്ധിച്ചിടത്തോളം ദൈവമാണ് ദമ്പതിമാരെ കൂട്ടിയോജിപ്പിക്കുന്നത് എന്നാണ് നാം വിശ്വസിക്കുന്നത്. എന്നാൽ മിക്ക വിവാഹങ്ങളും മാനുഷിക തിരഞ്ഞെടുപ്പിന്റെ ഫലം തന്നെയാണ്. വിവാഹം കഴിഞ്ഞ് അധികനാൾ കഴിയുന്നതിനു മുമ്പു തന്നെ കുടുംബ ജീവിതത്തിൽ പൊട്ടലും ചീറ്റലും ഉണ്ടാകാനുള്ള പ്രധാന കാരണം മാനുഷിക തിരഞ്ഞെടുപ്പിലെ അപാകതകൾ തന്നെയാണ്. മാതൃകാ പരമായ ഉത്തമ കുടുംബമാണ് നാം ആഗ്രഹിക്കുന്നതെങ്കിൽ വിവാഹാ ലോചന നടക്കുമ്പോൾ തന്നെ ശ്രദ്ധിക്കേണ്ടതായ വളരെ പ്രധാനപ്പെട്ട ചില കാര്യങ്ങളുണ്ട്.

ഒരു വ്യക്തിയുടെ ജീവിതത്തിലെ ഏറ്റവും സുപ്രധാനമായ സംഭവം ദൈവാത്മാവിനെ ഹൃദയത്തിൽ സ്വീകരിക്കുക എന്നതാണ്. അതു കഴിഞ്ഞാൽ ഏറ്റവും പ്രധാനപ്പെട്ടത് വിവാഹജീവിതത്തിൽ പ്രവേശിക്കുക എന്നതാണ്. നമ്മോടുകൂടി എന്നേക്കും ഇരിക്കുന്നതി നാണ് പരിശുദ്ധാത്മാവിനെ ദൈവം നൽകുന്നത്. അതുപോലെ തന്നെ ജീവിതപങ്കാളിയും എന്നേക്കും കൂടെയിരിക്കേണ്ട വ്യക്തിയാണല്ലോ. അതുകൊണ്ട് ക്രിസ്തുവിനെ ജീവിതത്തിലേക്ക് സ്വീകരിക്കുന്നതിന് നാം എടുത്ത തീരുമാനം പോലെ തന്നെ പ്രധാനപ്പെട്ടതാണ് പങ്കാ ളിയെ തിരഞ്ഞെടുക്കുന്നതും. വിവാഹം ആലോചിക്കുമ്പോൾ പങ്കാളിക്കുണ്ടായിരിക്കേണ്ട യോഗ്യതകളെക്കുറിച്ച് നമ്മുടെ കാഴ്ച പ്പാടുകൾ മിക്കപ്പോഴും വികലമാകാറുണ്ട്. ഉദാഹരണത്തിന് നമ്മുടെ മക്കൾക്കു വേണ്ടി നാം കൊമ്പത്തെ ബന്ധം അന്വേഷിച്ച് അബദ്ധ

**ഇവാ. ജോസഫ് ഇടക്കാട്ടിൽ എഴുതിയ "കുടുംബം നമ്മുടെ സ്നേഹക്കൂട്" എന്ന പുസ്തകത്തിൽ നിന്നും**

ത്തിൽ ചാടാറുണ്ട്. സമ്പത്ത് മാനം കൊണ്ടുവരുമെന്ന വികലമായ ധാരണ ഉള്ളത് കാരണം അർഹിക്കാത്ത പല ബന്ധങ്ങളിലും എത്തിപ്പെടുകയും അത് പിന്നീട് തകർച്ചയിലേക്ക് നീങ്ങുകയും ചെയ്യുന്നു. ഒരു കൗൺസലിംഗ് സന്ദർഭത്തിൽ (വിവാഹം കഴിഞ്ഞ് ഏതാനും മാസങ്ങൾക്കുള്ളിൽ) ഒരു യുവതി (ഉന്നത വിദ്യാഭ്യാസവും അറിയപ്പെടുന്ന സ്ഥാപനത്തിൽ ജോലിയും ഉള്ള വ്യക്തിയാണ് ഈ യുവതി) കരഞ്ഞുകൊണ്ട് പറഞ്ഞ വാക്കുകൾ കുറിക്കട്ടെ. ഒരു കൂലിപ്പണിക്കാരനെകൊണ്ട് എന്നെ കെട്ടിച്ചിരുന്നെങ്കിൽ ഞാൻ സന്തോഷത്തോടെ ജീവിക്കുമായിരുന്നു. സുന്ദരിയും വിദ്യാഭ്യാസമുള്ളവളുമായ ഈ പെൺകുട്ടിയെ വിവാഹം ചെയ്തത് ഒരു സമ്പന്ന ഗൃഹത്തിലെ ചെറുപ്പക്കാരനാണ്. ഇദ്ദേഹം വളർന്നുവന്ന പശ്ചാത്തലമായിരിക്കണം സ്നേഹം പ്രകടിപ്പിക്കുവാൻ അറിയാത്ത ഒരു മനുഷ്യനായി അദ്ദേഹത്തെ മാറ്റിയത്. നമ്മുടെ പെൺമക്കളുടെ സുരക്ഷിതത്വം കേവലം സമ്പത്തുമായി ചേർത്തു ബന്ധിപ്പിക്കുന്നത് അപകടമാണ്. വിവാഹം അന്വേഷിക്കുമ്പോൾ മറുപക്ഷത്ത് അത്യാവശ്യ ജീവിതമാർഗ്ഗത്തിന് വഴിയുണ്ടോ എന്നു മാത്രം ഉറപ്പാക്കിയാൽ മതി. മേൽപ്പറഞ്ഞ പെൺകുട്ടി കൂലിപ്പണിക്കാരനെ കെട്ടിയാൽ മതിയായിരുന്നു എന്ന് പറഞ്ഞുവെങ്കിലും വിവാഹ മാർക്കറ്റിൽ കൂലിപ്പണിക്കാരൻ പിൻതള്ളപ്പെടുന്നു എന്നത് ദുഃഖസത്യമാണ്. യാതൊരു സ്വഭാവ ദൂഷ്യവുമില്ലാത്ത, അത്യാവശ്യ വരുമാനമാർഗ്ഗമൊക്കെയുള്ള എത്രയോ ചെറുപ്പക്കാർ കൂലിപ്പണിക്കാരനാണെന്ന ഒറ്റക്കാരണത്താൽ വിവാഹം കഴിക്കാൻ കഴിയാതെ നില്ക്കുന്നുണ്ട്. സമ്പത്തിന്റെ കാര്യത്തിൽ മാത്രമല്ല. അനാവശ്യമായി നാം മുൻഗണന കൊടുക്കുന്ന സൗന്ദര്യം, സ്ത്രീധനം, കുലം, യൂറോപ്യൻ ജോലി തുടങ്ങിയ കാര്യങ്ങളും നമ്മുടെ വിവാഹ ആലോചനകളെ തികച്ചും കമ്പോളവൽക്കരിച്ചുകളഞ്ഞു എന്നത് നഗ്നസത്യമാണ്. വിവാഹം ആലോചിക്കുമ്പോൾ മേൽപ്പറഞ്ഞ കാര്യങ്ങൾ പരിഗണിക്കേണ്ട എന്നല്ല, അവയാണ് മുഖ്യ മാനദണ്ഡമെങ്കിൽ പിന്നീട് ദുഃഖിക്കേണ്ടിവരുമെന്ന കാര്യത്തിൽ സംശയം വേണ്ട.

വിവാഹം ആലോചിക്കുമ്പോൾ ഏറ്റവും മുഖ്യമായ പരിഗണനാ വിഷയമായി സൗന്ദര്യം കണക്കാക്കുന്നതും വളരെ ദോഷം ചെയ്യും. നാം ഒരു വീട് അല്ലെങ്കിൽ കെട്ടിടം വാങ്ങുമ്പോൾ അതിന്റെ പെയിന്റ് മാത്രം നോക്കി തൃപ്തിയടയുമോ? കെട്ടിടത്തിന്റെ ഉറപ്പും സൗകര്യവുമൊക്കെയല്ലേ നമ്മുടെ പ്രഥമ പരിഗണനാ വിഷയങ്ങൾ? ബാഹ്യ സൗന്ദര്യത്തിന് അമിത പ്രാധാന്യം നൽകുന്നവർ കാലം നൽകുന്ന മാറ്റങ്ങളെ ഉൾക്കൊള്ളാൻ കഴിയാത്തവരായി കുടുംബജീവിതത്തിൽ പരാജയപ്പെടുന്നു. സൗന്ദര്യത്തിന് നാലാമത്തെയോ, അഞ്ചാമത്തെയോ സ്ഥാനം

മാത്രമേ പരിഗണനാക്രമത്തിൽ കൊടുക്കാൻ പാടുള്ളു. എങ്കിലും ഉയരം, വണ്ണം, പ്രായം ഇവയിലൊക്കെ വലിയ അന്തരമുള്ളത് ആലോചനയുടെ ആരംഭഘട്ടത്തിൽ തന്നെ ഒഴിവാക്കുകയാണ് ഉചിതം. ഈ പറഞ്ഞ കാര്യങ്ങളൊന്നും നല്ല സ്നേഹമുള്ള ദമ്പതികൾക്ക് ഒരു വിഷയമേ അല്ല എന്ന കാര്യം നാം മറന്നുപോവുകയുമരുത്. വധൂവരന്മാർക്കും വീട്ടുകാർക്കും പൂർണ്ണ സമ്മതവും സന്തോഷവുമാണെങ്കിൽ ഇക്കാര്യത്തിൽ അസൂയക്കാരായ ബന്ധുക്കളുടെയും നാട്ടുകാരുടെയും ഒളിഞ്ഞുനോട്ടവും കളിയാക്കലും അവഗണിക്കാവുന്നതാണ്.

മറ്റ് ചിലർ വിവാഹം ആലോചിക്കുമ്പോൾ ആദ്യം അന്വേഷിക്കുന്നത് മറുഭാഗത്തുള്ളവരുടെ പൂർവ്വാശ്രമമാണ്. അതായത് ബന്ധുക്കളാകാൻ പോകുന്നവർ ഏത് കുലത്തിലും ജാതിയിലുമൊക്കെയായിരുന്നെന്ന് അന്വേഷിക്കും. ക്രിസ്തുവിൽ ഒന്നാണെന്ന് തൊണ്ട കീറി പ്രസംഗിക്കുമെങ്കിലും മക്കളുടെ കല്യാണക്കാര്യം വരുമ്പോൾ അതൊക്കെ മറന്ന് ഉന്നതകുലം തേടിപ്പോകുന്നവരുണ്ട്. കൾച്ചർ (സംസ്കാരം) വ്യത്യാസം ഉണ്ടാകാതിരിക്കാനാണ് ഇങ്ങനെ ചെയ്യുന്നതെന്ന് നാം ന്യായീകരിക്കുമെങ്കിലും ഇത് പച്ചയായ ജാതിവിവേചനം തന്നെയാണ്.

അപ്പോൾ മക്കൾക്ക് വിവാഹം ആലോചിക്കുമ്പോൾ പ്രഥമ പരിഗണനാവിഷയങ്ങൾ സമ്പത്ത്, സൗന്ദര്യം, സ്ത്രീധനം, ജോലി, വിദ്യാഭ്യാസം, ജാതി എന്നിവയല്ലായെന്ന് തീർച്ചയാണല്ലോ. അങ്ങനെയെങ്കിൽ വിവാഹം ആലോചിക്കുമ്പോൾ നാം പരിഗണിക്കേണ്ട ഏറ്റവും സുപ്രധാന വസ്തുത എന്താണ്? യാതൊരു സംശയവും വേണ്ട മറുഭാഗത്തുള്ള പെണ്ണായാലും, ചെറുക്കനായാലും അവർ സ്നേഹമുള്ള കുടുംബത്തിൽ ജനിച്ചു വളർന്നവരാണോ എന്നാണ് അന്വേഷിച്ചറിയേണ്ടത്. സ്നേഹമുള്ള കുടുംബമാണോയെന്ന് എങ്ങനെ അറിയുമെന്നുള്ളത് ഒരു ചോദ്യം തന്നെയാണ്. സാധ്യമായ എല്ലാ മാർഗ്ഗങ്ങളും അതിനായി ഉപയോഗിക്കാം. ആ പ്രദേശത്തുള്ള നമ്മുടെ സ്നേഹിതരെയും ദൈവദാസന്മാരെയും വിളിച്ച് വിശദമായി കാര്യങ്ങൾ ചോദിച്ചറിയണം. സമ്പത്തും, ഉന്നത ജോലിയും, ബംഗ്ലാവും കണ്ട് കണ്ണ് മഞ്ഞളിച്ചു പോകാതെയും, ധൃതി പിടിച്ച് നല്ല കോളു കിട്ടിയതുപോലെ ചാടി വീഴാതെയും പ്രാർത്ഥനയോടെ, ആലോചന മുന്നോട്ടു നീക്കണം. വിശ്വസ്തരായവരിൽ നിന്ന് ആലോചനകൾക്ക് പച്ചക്കൊടി ലഭിച്ചതിനുശേഷം നാം നമ്മുടെ ബന്ധുക്കളും സഭാപാസ്റ്ററുമൊത്ത് ആ ഭവനം സന്ദർശിക്കണം. നമ്മൾ ബന്ധം സ്ഥാപിക്കുവാൻ ആഗ്രഹിക്കുന്ന ഭവനം ഒരു സ്നേഹാലയം ആണോ എന്ന് അവിടെ ഉള്ള ആളുകളുടെ സംഭാഷണങ്ങളിൽ നിന്നും ഇടപാടുകളിൽ നിന്നും നമുക്ക്

തിരിച്ചറിയാൻ കഴിയും. വലിഞ്ഞു മുറുകി അനാവശ്യഗൗരവ ത്തോടെയും ശ്മശാന മൂകതയോടെയുമാണ് അവർ നമ്മെ എതിരേൽ ക്കുന്നതെങ്കിൽ സൂക്ഷിക്കണം. അതുപോലെ അവരുടെ ബന്ധുക്കളും അയൽക്കാരും സഭാപാസ്റ്ററുമൊക്ക സംബന്ധിക്കുന്നുവെങ്കിൽ അതൊരു ശുഭസൂചനയാണ്. ബന്ധുക്കളെയും അയൽക്കാരെയും അറിയിക്കാതെയുള്ള ആലോചനയാണെന്ന് മനസ്സിലായാൽ ആ ബന്ധം ഉപേക്ഷിക്കുന്നതാണ് നല്ലത്. സാമൂഹ്യബന്ധം ഇല്ലാത്ത കുടുംബങ്ങളു മായി ബന്ധം കൂടുന്നത് ഗുണകരമല്ല. ആ ഭവനത്തിലെ മാതാപിതാക്കളു ടെയും, സഹോദരങ്ങളുടെയും, പരസ്പരമുള്ള ഇടപെടലിലും, സം സാരത്തിലും, എന്തിന് ശരീരഭാഷയിൽ പോലും സ്നേഹമുള്ള, ദൈ വഭയമുള്ള കുടുംബമാണോയെന്ന് തിരിച്ചറിയാൻ കഴിയും. നഗര ത്തിലും, ഫ്ളാറ്റുകളിലും ഒറ്റപ്പെട്ടു കഴിയുന്നവർക്ക് മേൽപ്പറഞ്ഞ തര ത്തിൽ ബന്ധുക്കളുടെ സഹകരണം ഉണ്ടാകണമെന്നില്ല. അതൊക്കെ തിരിച്ചറിയുവാനുള്ള വിവേകമുള്ളവരുമായി വേണം നമ്മൾ ഇക്കാര്യത്തിന് ഇറങ്ങുവാൻ.

അതുപോലെ ദൈവഭയമുള്ള കുടുംബമാണോയെന്നതും സുപ്ര ധാന അന്വേഷണ വിഷയമാണ്. സമ്പത്തും, സൗന്ദര്യവും, സ്ത്രീധനവു മൊക്കെ മുഖ്യമാനദണ്ഡമായിട്ട് എടുക്കുന്ന കുടുംബങ്ങളെ ദൈവ ഭയമുള്ള കുടുംബമായിട്ട് കണക്കാക്കാൻ പറ്റില്ല. ദൈവഭയമുള്ളവരുടെ വാക്കുകളിലും, ഇടപാടിലും സൗമ്യതയും ബഹുമാനവും തെളിഞ്ഞു വരും. പ്രിയ സഹോദരങ്ങളേ, നമ്മുടെ മക്കളുടെ ശോഭന ഭാവിക്കായി, സ്നേഹമുള്ള, ദൈവഭയമുള്ള കുടുംബങ്ങളെ ബന്ധുക്കളായി ലഭിക്കാൻ നമുക്ക് പ്രാർത്ഥിക്കാം. സുപ്രധാനമായ ഈ രണ്ടു കാര്യങ്ങൾ ഒത്തുവരുന്നെങ്കിൽ സമ്പത്ത്, ജോലി, വിദ്യാഭ്യാസം, സൗന്ദര്യം തുടങ്ങിയ മറ്റു കാര്യങ്ങളിൽ വിട്ടുവീഴ്ച ചെയ്യുകയും വിവാഹം ഉറപ്പിക്കുകയും ചെയ്യാവുന്നതാണ്.

**ഇവാ. ജോസഫ് ഇടക്കാട്ടിൽ**

ട്രാക്ടുകൾ വിതരണത്തിന്
ആവശ്യമുള്ളവർ
ഞങ്ങളെ സമീപിക്കുക.
പോസ്റ്റ് വഴി ട്രാക്ട്
അയച്ചുതരുന്നതല്ല.



# യേശു ചോദിച്ച മറ്റ് ചോദ്യങ്ങൾ

നിത്യജീവന് അവകാശി ആയിത്തീരുവാൻ എന്തു ചെയ്യണം എന്ന് ഒരു ന്യായശാസ്ത്രി യേശുവിനോട് ചോദിച്ചപ്പോൾ ഉത്തരം പറയാതെ യേശു അവരോട് ഒരു മറുചോദ്യം ചോദിക്കുകയായിരുന്നു. "ന്യായപ്രമാണത്തിൽ എന്ത് എഴുതിയിരിക്കുന്നു; നീ എങ്ങനെ വായിക്കുന്നു" ലൂക്കൊസ് 10:25-26 വരെ. തിരുവെഴുത്തുകളിൽ എന്ത് എഴുതിയിരിക്കുന്നു എന്നതും എങ്ങനെ വായിക്കപ്പെടുന്നു എന്നതും പ്രാധാന്യം അർഹിക്കുന്നു. യഹൂദ്യ രാജാവായ ഹെരോദാവിന്റെ കാലത്ത് അബീയാക്കൂറിൽ സെഖര്യവ് എന്ന പേരുള്ള ഒരു പുരോഹിതൻ ഉണ്ടായിരുന്നു ലൂക്കൊസ് 1: 5.

ഈ വേദഭാഗം വായിച്ചിട്ട് കേരളത്തിലെ ഒരു പുരോഹിതൻ വിശദീകരിച്ചത് സെഖര്യാവ് "അബീയാക്കൂർ" എന്ന നാട്ടുകാരനായിരുന്നു എന്നാണ്. പുരോഹിതന്മാർക്ക് യെരുശലേം ദൈവാലയത്തിലെ ശുശ്രൂഷകൾക്ക് ക്രമീകരിച്ചിരുന്ന വിവിധ കൂറുകളിൽ ഒന്നായിരുന്നു അബീയാക്കൂർ. (Of the course of Abia, Priestly division of Abia). ഇപ്രകാരം context അറിയാതെ ബൈബിൾ വ്യാഖ്യാനിച്ച് പള്ളി പ്രസംഗം കാടുകയറിയ അനവധി സംഭവങ്ങൾ ഉണ്ട്. പല ദുരുപദേശങ്ങളുടെയും ഉറവിടം ഇത്തരം വായനകൾ ആണ്. മൂലഭാഷാപഠനം ഇല്ലാതിരുന്ന കാലത്ത് മലയാള വേദപുസ്തകം മാത്രം ഉപയോഗിച്ചിരുന്ന പഴയ തലമുറയിലെ പറഞ്ഞു പഴകിയ തെറ്റുകൾ പുതിയ തലമുറ തിരുത്തി തുടങ്ങിയിരിക്കുന്നു എന്നത് ആശാവഹമാണ്. 23-ാം സങ്കീർത്തനത്തിലെ കൂരിരുൾ താഴ്വര മരണനിഴൽ താഴ്വരയാണെന്നും സങ്കീർത്തനങ്ങൾ 127:2ൽ ഉറക്കത്തിൽ കൊടുക്കുന്നു എന്നത് 'ഉറക്കം' കൊടുക്കുന്നു എന്നും തിരുത്തി വായിക്കുന്നവർ വിരളം.

യേശുവിനോട് ചോദ്യം ചോദിച്ച ന്യായശാസ്ത്രിയെ കൊണ്ടു തന്നെ യേശു ഉത്തരവും പറയിച്ചു. അവൻ പറഞ്ഞ ഉത്തരം ശരി എന്നും അങ്ങനെ ചെയ്താൽ നീ ജീവിക്കും എന്നും യേശു പ്രതിവചിച്ചു. ന്യായശാസ്ത്രിയുടെ അടുത്ത സംശയം കൂട്ടുകാരൻ ആരാണ് എന്നതായിരുന്നു. അതിന് യേശു നല്കിയ വിശദീകരണമാണ് നല്ല ശമര്യക്കാരന്റെ ഉപമ. ഇവിടെ മുറിവേറ്റു കിടന്ന യാത്രികനെ സഹായിക്കാതെ കടന്നുപോയ പുരോഹിതൻ പ്രമാണം അറിയാവുന്നവനാണ്. ലേവ്യൻ പൗരോഹിത്യ പാരമ്പര്യം പറയുന്ന വംശാവലിയിൽ ഉൾപ്പെട്ടവനാണ്. ഇരുവരും നാമധേയ ക്രിസ്ത്യാനികളെ പ്രതിനിധാനം ചെയ്യുന്ന മതത്തിന്റെ വക്താക്കളാണ്. വൈദികർ മാനവികത കൈവിട്ട്

കർമ്മാചാരങ്ങളിൽ മാത്രം ശ്രദ്ധിക്കുന്നത് നിരർത്ഥകമാണെന്നും അത് കേവലം കപടഭക്തി ആണെന്നും യേശു തെളിയിക്കുകയായിരുന്നു.

യേശു ദൈവാലയത്തിൽ ഉപദേശിച്ചുകൊണ്ടിരുന്നപ്പോൾ മഹാപുരോഹിതന്മാരും മൂപ്പന്മാരും യേശുവിനോട് ചോദ്യം ചോദിച്ചപ്പോഴും മറുചോദ്യം ചോദിച്ചതല്ലാതെ യേശു ഉത്തരം പറഞ്ഞില്ല. "നീ എന്ത് അധികാരം കൊണ്ട് ഇത് ചെയ്യുന്നു?" മത്തായി 21:23. അതായിരുന്നു ചോദ്യം. യേശുവിന്റെ പ്രതികരണം പുരോഹിതന്മാരെയും മൂപ്പന്മാരെയും ആശയക്കുഴപ്പത്തിലാക്കി. യോഹന്നാന്റെ സ്നാനം സ്വർഗ്ഗത്തിൽ നിന്നോ മനുഷ്യരിൽ നിന്നോ എന്നായിരുന്നു യേശുവിന്റെ മറുചോദ്യം. അറിയില്ലെന്ന് മഹാപുരോഹിതന്മാരും മൂപ്പന്മാരും പറഞ്ഞപ്പോൾ യേശു പറഞ്ഞു നിങ്ങൾക്ക് ഉത്തരം പറയാൻ കഴിയുന്നില്ലെങ്കിൽ ഞാനും ഉത്തരം പറയുന്നില്ല. ഇവിടെയും യേശു ഉപമയിലൂടെ അവരെ മർമ്മം ഗ്രഹിപ്പിക്കുവാൻ ശ്രമിക്കുന്നു. ഒരു മനുഷ്യന്റെ രണ്ടു പുത്രന്മാരിൽ അനുസരിച്ചവനും അനുസരിക്കാത്തവനും. അനന്തരം യേശു പറഞ്ഞു 'ചുങ്കക്കാരും വേശ്യമാരും നിങ്ങൾക്ക് മുമ്പേ ദൈവരാജ്യത്തിൽ കടക്കും'. യേശുവിന്റെ വാക്കുകളുടെ പ്രഹരശേഷി ജീർണ്ണിച്ച പൗരോഹിത്യത്തിന്റെ അടിത്തറ ഇളക്കി തകർത്തെറിയുന്നത് ആയിരുന്നു. കുപ്പായം ധരിച്ച് ദൈവാലയത്തിൽ പരമ്പരാഗത പുരോഹിത ശുശ്രൂഷ ചെയ്യേണ്ടിയിരുന്ന യോഹന്നാൻ പള്ളി വിട്ടിറങ്ങി തെരുവ് പ്രസംഗി ആയപ്പോൾ മുതൽ പൗരോഹിത്യത്തിന്റെ തിരശ്ശീല വീണിരുന്നു എന്ന സത്യം അന്നത്തെ പുരോഹിതന്മാർ മനസ്സിലാക്കാൻ വൈകി. അധികം വൈകാതെ മഹാപുരോഹിതനായ കയ്യഫാവ് കുപിതനായി കുപ്പായം വലിച്ചു കീറിയത് യാദൃച്ഛികം എന്ന് തോന്നാമെങ്കിലും അതൊരു ദൈവിക വിളംബരം കൂടിയായിരുന്നു. അഹരോന്യപൗരോഹിത്യം അവസാനിച്ചതിന്റെ വിളംബരം ന്യായപ്രമാണകാലത്ത് ലേവി ഗോത്രക്കാർക്ക് മാത്രം വിധിക്കപ്പെട്ടിരുന്ന പുരോഹിത ശുശ്രൂഷ പുതിയനിയമ കാലത്ത് യേശുവിൽ വിശ്വസിച്ച് മാനസാന്തരപ്പെട്ട് വചനാനുസരണം ഉള്ള മുഴുകൽ വിശ്വാസ സ്നാനം സ്വീകരിക്കുന്ന ദൈവജനത്തിന് ലഭിക്കുന്ന ദൈവകൃപയുടെ സ്ഥാനലബ്ധി പത്രൊസ് ശ്ലീഹാ തന്റെ ഒന്നാം ലേഖനം രണ്ടാമദ്ധ്യായം 9-ാം വാക്യത്തിൽ വ്യക്തമാക്കുന്നുണ്ട്. പുതിയനിയമ വിശ്വാസികളുടെ രാജകീയ പുരോഹിത പദവി (Royal priesthood).

Priesthood for all believers എപ്പിസ്കോപ്പൽ സമുദായത്തിന്റെ ദൈവശാസ്ത്ര വായനയിൽ പത്രൊസ് ശ്ലീഹയുടെ ലേഖനഭാഗം എങ്ങനെ വായിക്കപ്പെടുന്നു എന്നതും തിരുവെഴുത്തിൽ എന്ത് എഴുതിയിരിക്കുന്നു; നീ എങ്ങനെ വായിക്കുന്നു എന്ന് യേശുവിന്റെ ചോദ്യവും പ്രസക്തമായി നിലനില്ക്കുന്നു.

**റവ. എ. ജെ. ജോൺ കൊഴുവല്ലൂർ**

## ക്രിസ്തുവിശ്വാസിയുടെ തിരഞ്ഞെടുപ്പിന്റെ ആന്തരികബാഹ്യ ലക്ഷണങ്ങൾ

(കൊലൊസ്യർ 3:12 ന്റെ പശ്ചാത്തലത്തിൽ)

**I. കൊലൊസ്യ ലേഖനത്തിന്റെ ഘടനയുടെ സംഗ്രഹം**

കൊലൊസ്യയിലെ വിശ്വാസികൾക്ക് പ്രോത്സാഹനം നല്കിക്കൊണ്ട് പൗലൊസ് കാരാഗ്രഹത്തിൽ നിന്നുമാണ് ഈ ലേഖനം എഴുതുന്നത്. പുതിയ ക്രിസ്തുവിശ്വാസികൾ യഹൂദന്മാരുടെ ആചാര അനുഷ്ഠാനങ്ങൾ അനുഗമിക്കണമെന്ന് യെഹൂദന്മാർ സഭയെ സമ്മർദ്ദം ചെലുത്തി. യഹൂദ മതത്തിനുള്ളിലുള്ളവർക്ക് പ്രത്യേകമായ ദർശനങ്ങളും ആത്മീയമായിട്ടുള്ള ജ്ഞാനവും ഉണ്ടെന്നും അവർ അവകാശപ്പെടുകയും അഹങ്കരിക്കുകയും ചെയ്തു. എന്നാൽ ക്രിസ്തുവിലാണ് സർവജ്ഞാനത്തിന്റെയും സമ്പൂർണ്ണത എന്ന് പൗലൊസ് ഈ ലേഖനത്തിലൂടെ കൊലൊസ്യ സഭയെ ശക്തിപ്പെടുത്തുന്നു.

കർത്താവായ യേശുക്രിസ്തുവിനെ സ്വീകരിച്ചിരിക്കുന്ന പുതിയ വിശ്വാസികൾക്ക് നീതീകരണം ലഭിച്ചിരിക്കുന്നു എന്നും പൗലൊസ് ദൈവസഭയെ ഓർമ്മിപ്പിക്കുന്നു. മാനുഷിക നിർമ്മിതമായിട്ടുള്ള നിയമങ്ങളാലോ ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാലോ ഇനി ന്യായവിധിയുണ്ടാകുകയില്ല, കാരണം കർത്താവായ യേശുക്രിസ്തുവിന്റെ പാപപരിഹാര ത്യാഗയാഗ മരണത്തിന്റെ സുവിശേഷത്തിൽ വിശ്വസിക്കുന്നതാണ് ഒരു മനുഷ്യനെ നീതീകരിക്കുന്നത് എന്നും പൗലൊസ് കൊലൊസ്യസഭയെ പ്രബോധിപ്പിക്കുന്നു.

“അതുകൊണ്ട് ദൈവത്തിന്റെ വൃതന്മാരും വിശുദ്ധന്മാരും പ്രിയരുമായി മനസ്സലിവ്, ദയ, താഴ്മ, സൗമ്യത, ദീർഘക്ഷമ എന്നിവ ധരിച്ചുകൊണ്ട് അന്യോന്യം പൊറുക്കുകയും...” (കൊലൊസ്യർ 3:12)

ഈ അദ്ധ്യായത്തിലെ ഈ ഖണ്ഡികയിലെ വഴിത്തിരിവാണ് ഈ വാക്യം. നാം ദൈവത്തിന് പ്രിയരായതുകൊണ്ടാണ് ദൈവം വിശുദ്ധിക്കായി നമ്മെ തിരഞ്ഞെടുത്തത്. ആ തിരഞ്ഞെടുപ്പിൽ ഒരു പുതിയ ഐഡന്റിറ്റി അഥവാ മേൽവിലാസം നീതീകരിക്കപ്പെട്ടവർക്കു ലഭിക്കുന്നു. അവർ വിശുദ്ധന്മാരും പ്രിയരുമായവരും തിരഞ്ഞെടുക്കപ്പെട്ടവരുമാണ്.

**II. പുതിയ മേൽവിലാസം : വിശുദ്ധന്മാർ, പ്രിയരായവർ, തിരഞ്ഞെടുക്കപ്പെട്ടവർ**

പുതിയ മേൽവിലാസപ്രകാരം മൂന്ന് പദപ്രയോഗങ്ങളുടെ നിർവചനം പഠനവിധേയമാക്കാം.

**A. വിശുദ്ധൻ**

1. വേർതിരിക്കപ്പെടുക എന്ന ആശയമാണ് വിശുദ്ധീകരണത്തിനുള്ളത്. ദൈവത്തിന്റെ വിശുദ്ധിയെ പരാമർശിക്കുമ്പോൾ ദൈവം തന്റെ മഹത്ത്വത്തിൽ അത്യുന്നതനും സമ്പൂർണ്ണമായി വേർതിരിക്കപ്പെട്ടവനുമാണ് എന്ന് നാം മനസ്സിലാക്കണം. ദൈവത്തിന്റെ വിശുദ്ധിയെക്കുറിച്ച് വിചിന്തനം ചെയ്യുമ്പോൾ നമ്മുടെ പ്രവൃത്തിയുമായി അതിനെ താരതമ്യം ചെയ്യേണ്ടതിന്റെ ആവശ്യകതയില്ല.

**2. ദൈവത്തിന്റെ തനതായ സ്വഭാവം**

ദൈവം മഹത്ത്വവാനും സമ്പൂർണ്ണനും ആയതിനാൽ തന്റെ സ്വഭാവത്തിൽത്തന്നെ ഒരു വേർപാട് ഉണ്ട്. വിശുദ്ധിയുടെ നിർവചനം തന്നെയാണ് അത്. ദൈവം തന്റെ സ്വഭാവത്താൽ പൂർണ്ണമായും വേർപെട്ടവനാണ്. ദൈവം ഏറ്റവും നല്ലവനും മറ്റെല്ലാത്തിൽ നിന്നും വേർപെട്ടവനുമായിരിക്കുന്നു. യാതൊരുവിധത്തിലുള്ള കളങ്കത്തിന്റെ അംശം പോലും ദൈവസ്വഭാവത്തിൽ ഇല്ല.

3. **വിശുദ്ധി :** പാപം നിറഞ്ഞ ഈ ലോകത്തിൽ നാം ജീവിക്കുമ്പോൾ എല്ലാവിധത്തിലുള്ള വേർപാടുകളും അനുഷ്ഠിച്ചുകൊണ്ടു ദൈവത്തിന്റെ സന്നിധിയിൽ വിശുദ്ധിയിൽ ജീവിക്കേണ്ടത് ആവശ്യമായിരിക്കുന്നു. എന്നാൽ മനുഷ്യൻ സ്വാഭാവികമായി പാപി ആയതുകൊണ്ട് സ്വയമായി തന്റെ സൽപ്രവൃത്തികളാൽ വിശുദ്ധീകരിക്കപ്പെടുവാൻ കഴിയുകയില്ല. അതിന് പരിശുദ്ധനായ മറ്റൊരാളുടെ സഹായം ആവശ്യമാണ്. ആ പരസഹായം മാനുഷികമോ സ്വന്ത കർമ്മങ്ങളിലൂടെയോ ലഭിക്കുകയില്ല പ്രത്യുത മനുഷ്യന്റെ പാപത്തിന്റെ പരിഹാരവും വിശുദ്ധിയും പരിശുദ്ധനായ ദൈവത്തിന്റെ കൃപയാൽ ക്രിസ്തുയേശുവിലൂടെ മാത്രം ലഭ്യമാകുന്നു.

മനുഷ്യൻ മറുതലിച്ചത് മുഖാന്തരം അവന്റെ സ്വഭാവം പാപപങ്കിലവും മാലിന്യവും കറയും നിറഞ്ഞതും ആകുന്നു. അപ്രകാരം സ്വഭാവ മുള്ള ഒരു മനുഷ്യന് വിശുദ്ധിയിൽ വേർപെട്ട് ജീവിക്കുവാനും ദൈവത്തെ പ്രസാദിപ്പിക്കുവാനും സ്വന്തം കഴിവുകൾ കൊണ്ട് സാധ്യമല്ല. അതുകൊണ്ട് മനുഷ്യന്റെ പാപസ്വഭാവം ദൈവത്തിന്റെ വിശുദ്ധിയുടെ സ്വഭാവത്തിന് നേർവിപരീതം ആയിരിക്കുന്നു. ദൈവം സമ്പൂർണ്ണ വിശുദ്ധിയിൽ വസിക്കുന്നവൻ ആയതുകൊണ്ട് മനുഷ്യന് ദൈവസന്നിധിയിൽ നില്ക്കുവാൻ സാധ്യമേ അല്ല. വിശുദ്ധ വേദപുസ്തകത്തിൽ ഇസ്രായേൽ ജനം ന്യായപ്രമാണത്തിലെ പ്രമാണങ്ങൾ ആചരിക്കുന്നതിലൂടെ വിശുദ്ധീകരിക്കപ്പെടുവാൻ നിയോഗിക്കപ്പെട്ടുവെങ്കിൽ ഈ പുതിയ നിയമ കാലഘട്ടത്തിൽ കർത്താവായ യേശുക്രിസ്തുവിന്റെ കാൽവരിയിലെ പാപപരിഹാര പരമയാഗത്തി

ലൂടെ മാത്രം വിശുദ്ധീകരിക്കപ്പെടുന്നു. അങ്ങനെ വിശുദ്ധീകരിക്കപ്പെട്ട ജനത്തിനു മാത്രമേ സധൈര്യം ദൈവത്തെ സമീപിക്കുവാൻ സാധിക്കുകയുള്ളൂ.

അങ്ങനെയെങ്കിൽ, നാം സ്വയം വിശുദ്ധീകരിക്കപ്പെടുന്നില്ല. പ്രവൃത്തികളും ഭക്തിയും ധ്യാനവും മറ്റൊന്നും ഒരു മനുഷ്യനെ വിശുദ്ധീകരിക്കുന്നില്ല. യേശുക്രിസ്തുവിന്റെ കാൽവരിൽ ചൊരിയപ്പെട്ട രക്തം ഒരു മനുഷ്യന്റെ സകല പാപവും കഴുകി അവനെ അവന്റെ പാപത്തിൽ നിന്നും കഴുകി ശുദ്ധീകരിച്ചു നിർമ്മലീകരിക്കുന്നു.

ഇതിനെ ആത്മരക്ഷ എന്നു വിശേഷിപ്പിക്കുന്നു. എല്ലാ മനുഷ്യരും പാപം മുഖാന്തരം ദൈവത്തിൽ നിന്നും അകന്ന് വേർപെട്ട് വീഴ്ച സംഭവിച്ച അവസ്ഥയിലാണ് ജീവിക്കുന്നത്. അതുകൊണ്ടാണ് മനുഷ്യന് സ്വയം രക്ഷ പ്രാപിക്കുവാൻ സാധ്യമല്ലാത്തത്. മനുഷ്യരുടെ സകല പാപത്തിന്റെ കടവും ശിക്ഷയും യേശു തന്റെമേൽ വഹിച്ചു. ആ ത്യാഗമരണം ഒരു പാപപരിഹാര യാഗമരണമാണ്. ആ പാപപരിഹാര മരണം നമ്മിലേക്ക് തന്റെ വിശുദ്ധിയും പകരുവാൻ കാരണമായി. മനുഷ്യരുടെ യാതൊരു കർമ്മപ്രവൃത്തിയും കൂടാതെ ക്രിസ്തു യേശുവിന്റെ വിശുദ്ധിയിൽ വേരുന്നിയ മേൽവിലാസം ആത്മരക്ഷ എന്ന ദാനത്തിലൂടെ ദൈവം നമുക്ക് നല്കുന്നു.

**റോഹൻ ജോൺ, യു.എസ്.എ.**

(തിരുവനന്തപുരം ഫസ്റ്റ് ബാപ്റ്റിസ്റ്റ് ചർച്ചിൽ നടത്തിയ പ്രസംഗത്തിന്റെ സംക്ഷേപം. (തുടരും....)

തയ്യാറാക്കിയത് പാസ്റ്റർ സിബി പി. തോമസ്സ്


## രചനകൾ

ക്രൈസ്തവ വനിതയിൽ നിങ്ങൾക്കെഴുതാൻ താല്പര്യമുണ്ടോ? ദൈവം നിങ്ങൾക്ക് ഒരാശയം നല്കിയിട്ടുണ്ടെങ്കിൽ ക്രൈസ്തവ ജനതയുടെ ആത്മിക അഭിവൃദ്ധിക്കായി, അനുഗ്രഹത്തിനായി അതെഴുതി ഞങ്ങൾക്കയച്ചുതരിക, നിങ്ങളുടെ സാഹിത്യസൃഷ്ടികൾ വെളിച്ചം കാണട്ടെ. വനിതകളായ എഴുത്തുകാർക്ക് മുൻഗണന. നിങ്ങളുടെ രചനകൾ മൂന്നു പേജിൽ കവിയരുത്. രചനകൾ അയയ്ക്കേണ്ട വിലാസം താഴെ കൊടുത്തിരിക്കുന്നു.

The Editor
Christian Woman, Good News, Akkulam Road
Trivandrum -695 011, Mob: 9087144349

BIBLE QUIZ

## ഈ ലക്കം Quest 97 – ലെ ചോദ്യങ്ങൾ
## 1 രാജാക്കന്മാരുടെ പുസ്തകത്തിൽ നിന്നുമാണ്

1. ആനക്കൊമ്പുകൊണ്ടു അരമന പണിത രാജാവ് ആര്?
2. ആഹാബിന്റെ ഗൃഹവിചാരകൻ ആര്?
3. അരാം രാജാവിന്റെ പേര് എന്ത്?
4. ഞാൻ എന്റെ അപ്പനെയും അമ്മയെയും ചുംബിച്ചുകൊള്ളട്ടെ ആര് ആരോട് പറഞ്ഞു?
5. ആഹാബിന്റെ അരമനയുടെ സമീപത്ത് ഉണ്ടായിരുന്ന മുന്തിരിത്തോട്ടം ആരുടെതാണ്?
6. ആരുടെ ഹൃദയമാണ് അവന്റെ ജീവകാലത്തൊക്കെയും യഹോവയിങ്കൽ ഏകാഗ്രമായിരുന്നത്?
7. ശലോമോന്റെ കാലത്തെ പ്രധാന പൂജാഗിരി ഏത്?
8. സോർ രാജാവായ ഹീരാം ശലോമോൻ രാജാവിന് എത്ര താലന്ത് പൊന്ന് കൊടുത്തയച്ചു?
9. രെഹബെയാം യഹൂദയിൽ വാഴ്ച തുടങ്ങിയപ്പോൾ അവന് എത്ര വയസ്സായിരുന്നു.
10. ശലോമോൻ സേവിച്ച അമ്മോന്യരുടെ മ്ലേച്ഛവിഗ്രഹം ഏത്?
11. യോവാബിനു പകരം ശലോമോൻ സേനാധിപതിയാക്കിയത് ആരെ?
12. ഭൂമിയിലെ സകല രാജാക്കന്മാരിലുംവെച്ചു ധനംകൊണ്ടും, ജ്ഞാനംകൊണ്ടും മികെച്ചവൻ ആര്?
13. പുരോഹിതന്മാർ വിശുദ്ധമന്ദിരത്തിൽനിന്ന് പുറപ്പെട്ടപ്പോൾ യഹോവയുടെ ആലയത്തിൽ നിറഞ്ഞു നിന്നതു എന്ത്?
14. യെഹോശാഫാത്ത് ആരുടെ മകനായിരുന്നു?
15. ശലോമോൻ തന്റെ അരമന പണിയുവാൻ എത്രകാലം എടുത്തു?
16. ശലോമോനു ദേവദാരുവും, സരളമരവും അവന്റെ ഇഷ്ടം പോലെ നല്കിയ സോർ രാജാവ് ആര്?
17. ഏലിയാവ് പ്രവാചകന്റെ ദേശം ഏത്?
18. ഒമ്രിയെ അടക്കം ചെയ്തത് എവിടെ?
19. എഫ്രയീം മലനാട്ടിൽ ശെഖേം പണിതു അവിടെ പാർത്തത് ആര്?
20. ശലോമോൻ ദൈവാലയത്തിന് അടിസ്ഥാനമിട്ടത് എന്ന്?

## പ്രത്യേക ശ്രദ്ധയ്ക്ക്

ക്വെസ്റ്റ് 97 - ന്റെ ഉത്തരങ്ങൾ 2024 ഒക്ടോബർ 29 - നു മുമ്പായി
ഞങ്ങൾക്കു ലഭിക്കത്തക്കവിധം തപാൽവഴിയോ,
വാട്ട്സ് ആപ്പിലോ അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**വാട്ട്സ് ആപ്പ് നമ്പർ** : 9087144349

ഉത്തരങ്ങൾ അയയ്ക്കേണ്ട വിലാസം :

Good News Educational Society
P.O. Box 2501, M.C.P.O. Trivandrum - 695011

# കർത്താവേ നീയെൻ സങ്കേതമല്ലോ



ഗാനരചന : അന്നമ്മ ചാൾസ് ജോൺ

കർത്താവേ നീയെൻ സങ്കേതമല്ലോ
എന്നുള്ളിലാകുലമൊന്നുമില്ല
നിന്നരികിലെന്നെ ചേർക്കുംവരെയും
ജീവിക്കും മന്നിൽ നിനക്കായ്

1. ലോകമെന്നെ പകച്ചിടുമ്പോൾ
ക്രൂശിൻതണലിൽ അണഞ്ഞിടും ഞാൻ
എൻക്രൂശെടുത്തു പിമ്പേ വരാൻ
തന്നിടുന്നെന്നെ നിനക്കായ്     കർത്താവേ

2. ലോകാരംഭം മുമ്പേതന്നെ
എന്നെ നിനക്കായ് വേർതിരിച്ചു
നിന്നാത്മാവിനെ അച്ചാരം തന്നു
മുദ്രയിട്ടെന്നെ നിനക്കായ്     കർത്താവേ

3. നിൻരക്തമെനിക്കായ് ചൊരിഞ്ഞതിനാൽ
കഴുകി ശുദ്ധി ചെയ്തല്ലോ
അമ്മയിന്നുദരം മുതലെന്നെ
കർത്താവു കണ്ടുവല്ലോ     കർത്താവേ






വന്ന വഴികളിലേക്ക് ഒരു തിരിഞ്ഞുനോട്ടം.

സുവിശേഷഘോഷണത്തിനായി ദൈവിക വാഗ്ദാനങ്ങളും മാതാപിതാക്കന്മാരുടെ അനുഗ്രഹവും മാത്രം മുറുകെപ്പിടിച്ചുകൊണ്ട് ഭർത്താവ് ചാൾസ് അഞ്ചനുമൊന്നിച്ച് കർണ്ണാടകത്തിലേക്കു എന്റെ നീതിമാൻ വിശ്വാസത്താൽ ജീവിക്കും എന്ന വചനം അന്വർത്ഥമാക്കിക്കൊണ്ട് 1951-ൽ ഇറങ്ങിത്തിരിച്ച ശ്രീമതി മേരി അഞ്ചൻ എന്ന അനുഗൃഹീത കർത്തൃദാസി കടന്നുപോയ വഴികളിലേക്കുള്ള ഒരു തിരിഞ്ഞുനോട്ടമാണ് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം. ശ്രീ. എം.റ്റി. ജോർജ്, കോന്നിയുടെ പ്രൗഢോജ്ജ്വലമായ അവതാരിക ഈ ആത്മകഥാകഥനത്തിന്റെ മാറ്റു വർദ്ധിപ്പിക്കുന്നു.

പുസ്തകം ആവശ്യമുള്ളവർ താഴെ കാണുന്ന മേൽ വിലാസത്തിൽ ആവശ്യപ്പെടേണ്ടതാണ്.

**George John**
**Shanthisadan, Sreekrishna Nagar, Sreekariyam**
**Thiruvananthapuram 695 017**
**Mob : 9605486260**
**E-mail : shanthisadan@gmail.com**

**Printed at Grace Printers, Muttada, Trivandrum (Mob: 9447059891)**
**for Good News Educational Society, P.O. Box 2501, M.C.P.O. Trivandrum 11**